# മലങ്കരസഭ

TRUTH SHALL MAKE YOU FREE

മാസിക

പുസ്തകം 34. 1979 ഏപ്രിൽ ലക്കം 4




പ. കാതോലിക്കാബാവാ തിരുമനസ്സിലേക്കു് കാതോലിക്കാദിനമംഗളങ്ങളും ജൻമദിന ആശംസകളും 'മലങ്കരസഭ' നേരുന്നു.

ജന്മദിനം മാർച്ച് 27

കാതോലിക്കാദിനം ഏപ്രിൽ 1

### ആർക്കൈവ്സിന്റെ ഉത്ഘാടനം



വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്മാരകമായി കോട്ടയം പഴയ സെമിനാരിയിൽ ആരംഭിച്ചിട്ടുള്ള ആർക്കൈവ്സിന്റെ ഉത്ഘാടനത്തെ തുടർന്ന് പ. ബാവാതിരുമേനിയും മെത്രാപ്പോലീത്താ തിരുമേനിമാരും പുരാവസ്തുക്കൾ പരിശോധിക്കുന്നു.



### 3-ാം ചരമവാർഷികം

15-4-1979

മലങ്കരസഭാ മാസികയുടെ ചീഫ് എഡിറ്ററായും കോട്ടയം പഴയസെമിനാരി, ദേവലോകം അരമന എന്നീ സ്ഥാപനങ്ങളുടെ മാനേജരായും ദീർഘകാലം സേവനമനുഷ്ഠിച്ച ദിവംഗതനായ റവ. ഫാ. റ്റി. സി. ജേക്കബിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ 'മലങ്കരസഭ' അതിന്റെ വായനക്കാരോടൊപ്പം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മലങ്കരസഭ

ഓർത്തഡോക്സ് സഭയുടെ മുഖപത്രം

5-4-1979

### ഈ ലക്കത്തിൽ

എഡിറ്റോറിയൽ:
i. കാതോലിക്കാദിനം
ii. പ. ബാവാ തിരുമനസ്സിലെ ജന്മദിനം
ധ്യാനപംക്തി: താബോർ തനയൻ
വിശ്വാസികളുടെ സമ്മേളനം
മാർസേവേറിയോസ് മെത്രാപ്പോലീത്താ
പരിശുദ്ധാത്മാവിന്റെ പുറപ്പാട്........
ഫാ. കെ. ഗീവർഗീസ്, അഞ്ചൽ
പരിശുദ്ധാത്മ പ്രവർത്തനം
ഫാ. എം വി. പൗലൂസ്, കോതമംഗലം
വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന
ഫാ. എം.ഏ. മത്തായി, ലെനിൻഗ്രാഡ്
സംശയങ്ങൾ ചോദിക്കുക
മാർ ഒസ്താത്യോസ് മെത്രാപ്പോലീത്താ
നല്ല ഇടയൻ, കോശി മാത്യു
Our Church
Fr. Thomas P. Mundukuzhy
കാതോലിക്കാസിംഹാസനചരിത്രം
ഏബ്രഹാം സഖറിയാ, ചെമ്പകമാം
പ. സുന്നഹദോസ് തീരുമാനങ്ങൾ
മാർ ഒസ്താത്യോസ് മെത്രാപ്പോലീത്താ
പതറാത്ത വിശ്വാസം
ആച്ചിയമ്മ വർഗീസ്
എം. ജി. എം. സെന്റർ, ഡിഗ്ഗി (പൂനാ)
ഗോവധ നിരോധനക്കാരോടൊപ്പം
ചാക്കച്ചേരി
യേശുനാഥന്റെ പൂന്തോട്ടം
കുഞ്ഞിച്ചായൻ
പീഡാനുഭവവാരാചരണം
ഫാ. സി. സി. ചെറിയാൻ
വാർത്തകളും കുറിപ്പുകളും

എഡിറ്റോറിയൽ:

## i. കാതോലിക്കാദിനം

ഈ വർഷത്തെ കാതോലിക്കാദിനം മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹപ്രദവും, ഫലപ്രദവും ആയിത്തീരുവാൻ നാം ഓരോരുത്തരും അഹമഹമികയാ പ്രവർത്തിക്കേണ്ടതാണ്. പ. കാതോലിക്കാബാവാ തിരുമേനി ഇതു സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്ന കല്പന മലങ്കരസഭയുടെ മുൻ ലക്കത്തിൽ ചേർത്തിരുന്നതിലേക്ക് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഓരോ ഗൃഹനാഥനും കുടുംബത്തിലെ വരുമാനമുള്ള ഏതൊരു വ്യക്തിയും അയാളുടെ ഒരു ദിവസത്തെ ആദായം കണക്കാക്കി കാതോലിക്കാദിനപ്പിരിവായി കൊടുക്കേണ്ടതാണ് എന്നത്രെ നിശ്ചയിച്ചിരിക്കുന്നതു്.

സഭയുടെ കാലോചിതമായ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും ഈ പണമാണ് ഉപയോഗിക്കേണ്ടതു് എന്നു പറയേണ്ടതില്ലല്ലോ. ജീവകാരുണ്യപരമായി സഭ ഇനിയും വളരെയധികം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വൈമനസ്യം കൂടാതെയും, സന്തോഷത്തോടുകൂടിയും നാം കൊടുക്കേണ്ടതാണ്. ദശാംശം കൊടുക്കുന്ന പതിവു നമുക്കുണ്ടായിരുന്നുവെങ്കിൽ സഭ ഇതിനെത്രയോ മുൻപുതന്നെ ഞെരുക്കംകൂടാതെ പുരോഗമിക്കുമായിരുന്നു. ഒന്നോ, അഞ്ചോ, പത്തോ രൂപാ കൊടുത്തു തൃപ്തിപ്പെടുത്തുവാൻ ഇടയാകാതെ, ശരാശരി ഒരു ദിവസത്തെ വരുമാനം കണക്കുകൂട്ടി പിരിവുകവറിൽ ഇട്ടുകൊടുക്കുവാൻ തക്കവണ്ണം ഗൃഹനാഥന്മാരും വരുമാനമുള്ള എല്ലാവരും തല്പരരാകേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു. അങ്ങനെ നമുക്കു നമ്മുടെ സഭാമേലദ്ധ്യക്ഷന്റെ കൈകളെ ബലപ്പെടുത്തിച്ചെയ്ത് സഭാമാതാവിനെ സന്തോഷിപ്പിക്കുന്നതിന് കാതോലിക്കാദിനം ഇടയാകട്ടെ.

## ii. പ. ബാവാ തിരുമനസ്സിലെ ജന്മദിനം

നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷനായ പ.ബസ്സേലിയോസ് മാർ തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സിലേക്കു് ഈ മാർച്ചുമാസം 27-ാം തീയതി 72 വയസ്സു പൂർത്തിയായിരിക്കുന്നു.

കാററുംകോളുംകൊണ്ട് സഭാന്തരീക്ഷം മുൻപില്ലാത്തവണ്ണം വളരെ ഇളകിമറിഞ്ഞുകൊണ്ടിരുന്ന ഒരു വർഷമാണ് യഥാർത്ഥത്തിൽ അദ്ദേഹം ഇപ്പോൾ പിന്തള്ളിയിരിക്കു

# പരിശുദ്ധാത്മാവിന്റെ പുറപ്പാട്
# സഭയുടെ വിശ്വാസം വേദാനുസരണമോ?

ഫാ. കെ. ഗീവർഗീസ്, അഞ്ചൽ

റീത്തച്ചൻ അന്നാമ്മയുമായുള്ള സംഭാഷണം തുടരുന്നു.

റീ—അന്നാമ്മേ! നീ കത്തോലിക്കാസഭയെ തൊട്ടു കളിക്കണ്ടാ. നിനക്കറിയാമോ? കത്തോലിക്കാസഭയെ ഇന്നുവരെ ആരും ജയിച്ചുപോയിട്ടില്ല. ചുമ്മാതിരി.

അ—ഇല്ലച്ചാ. അച്ചന്റെ റോമൻ കത്തോലിക്കാസഭയും ഇന്നുവരെ ആരെയും ജയിച്ചിട്ടില്ല. അതു പോകട്ടെ. നമ്മള് മുമ്പേ പറഞ്ഞ വിശ്വാസ വ്യത്യാസം പരിശുദ്ധാത്മാവിനെപ്പററിയാണല്ലൊ. അതേപ്പററി കർത്താവെന്താണ് കല്പിച്ചിട്ടുള്ളതു്.

റീ. അതൊക്കെ അത്ര ചുഴിഞ്ഞു് എന്തിനാണ് നോക്കുന്നതു്? ത്രിത്വത്തിലെ ഏകത്വത്തിൽ വിശ്വസിക്കുമ്പോൾ ത്രിത്വത്തിലെ മൂന്നു് ആളത്വങ്ങളും ഒന്നാണെന്നും അതുകൊണ്ടു് ത്രിത്വത്തിലെ ഒന്നാമനിൽനിന്നും രണ്ടാമനിൽനിന്നും മൂന്നാമൻ പുറപ്പെടുന്നുവെന്നുള്ളതിൽ എന്താണ് സംശയിക്കാനുള്ളതു്?

അ. സംശയമിരിക്കട്ടെ. അച്ചോ! പരി. റൂഹായെ അയച്ചുതരാമെന്നു് വാഗ്ദത്തം ചെയ്ത യേശുക്രിസ്തു എങ്ങനെ എവിടെനിന്നും അയച്ചുതരുമെന്നു് സ്പഷ്ടമായി കല്പിട്ടുള്ളതിനല്ലേ പ്രാധാന്യമുള്ളതു്? യുക്തിയും സംശയവുമൊക്കെ മാററിവച്ചിട്ടു് ദൈവവചനം എന്താണെന്നു് നോക്കാം.

റീ. വേദപുസ്തകത്തിലും ഇങ്ങനെയാ പറഞ്ഞിരിക്കുന്നതു്.

അ. അങ്ങനെയല്ലച്ചോ. യോഹ. 15: 26—ൽ കർത്താവു് കല്പിച്ചിരിക്കുന്നതു് 'പിതാവിന്റെ അടുക്കൽനിന്നു് പുറപ്പെടുന്ന സത്യാത്മാവു് വരുമ്പോൾ അവനു് എന്നെക്കുറിച്ചു് സാക്ഷ്യംപറയും.' എന്നാണ്. അപ്പോൾ നമ്മുടെ കർത്താവു് വ്യക്തമായി കല്പിക്കുന്നു; 'പ. റൂഹാ പിതാവിൽനിന്നു് പുറപ്പെടുന്ന എന്നു്. അച്ചൻ റീത്തിൽ ചേർന്നപ്പോൾ പറയുന്നു: പ. റൂഹാ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നുവെന്നു്. ഏതാണു് ശരി? കർത്താവു് കല്പിക്കുന്നതാണോ അച്ചൻ പറയുന്നതാണോ? അച്ചൻ പറഞ്ഞാട്ടെ.

റീ. ഇതൊക്കെ വേദശാസ്ത്രമാണന്നാമ്മേ. നിനക്കതൊന്നും അറിയാൻ പാടില്ല. കത്തോലിക്കാസഭയിൽ എത്ര് വേദശാസ്ത്രജ്ഞന്മാരുണ്ടെന്നു് നിനക്കറിയാമോ? അവർ ആരുടെയും മുമ്പിൽ ഇന്നുവരെ മുട്ടുമടക്കിയിട്ടില്ല. അറിയാമോ?

അ. അതൊന്നും അറിയാൻ ശ്രമിച്ചിട്ടില്ല. ഈ വേദശാസ്ത്രവും ശാസ്ത്രജ്ഞന്മാരുമൊക്കെ റോമാസഭയ്ക്കു് മാത്രമുള്ളതല്ലെന്നു് അറിയാം. കർത്താവിന്റെ കല്പനയ്ക്കു് എതിരു് നില്ക്കുന്നതാണോ റോമാവേദശാസ്ത്രം? അതുകൊള്ളാമല്ലോ. 'പിതാവിൽനിന്നും പുറപ്പെടുന്ന പരി. റൂഹാ എന്നിൽനിന്നും എടുത്തു നിങ്ങൾക്കറിയിച്ചുതരുന്നതുകൊണ്ടു് എന്നെ മഹത്വപ്പെടുത്തും.' യോഹ. 16: 14.

പരി. റൂഹ പിതാവിൽനിന്നു് പുറപ്പെടുകയും പുത്രനിൽനിന്നു് എടുക്കുകയും ചെയ്യുന്നുവെന്നു് കർത്താവു് വ്യക്തമായി കല്പിച്ചിരിക്കുന്നു. അതാണു് വി.ഓർത്തഡോക്സ് സഭയുടെ വിശ്വാസം. ഇതിനു് വിപരീതം പറവാൻ റോമാവേദശാസ്ത്രജ്ഞന്മാർക്കു് എന്തവകാശമാണു്? കർത്തൃകല്പനകളെ അനുസരിക്കാതെ മുട്ടു മടക്കുകയില്ലെന്നവകാശപ്പെടുന്ന റോമാവേദശാസ്ത്രന്മാരെയാണോ അച്ചൻ അനുസരിക്കുന്നതു്.

റീ. അന്നാമ്മേ അതൊക്കെ സഭയുടെ കല്പനകളാണു്. സഭയെ അനുസരിക്കണമെന്നല്ലേ കർത്തൃകല്പന? റോമാസഭ എത്ര് വലിയ സഭയാണെന്നറിയാമോ?



അ. സഭയെ അനുസരിക്കേണ്ടതു് കർത്തൃകല്പനയാണെന്നു് അച്ചനു് അറിയാമായിരുന്നെങ്കിൽ അച്ചനെ ജനിപ്പിച്ചു് വളർത്തി പുരോഹിതനാക്കിയ വി. ഓർത്തഡോക്സ് സഭയെ എന്താണു് അനുസരിക്കാഞ്ഞതു്? വലിപ്പം നോക്കിയാണോ സത്യം അറിയുന്നതു്? സൗന്ദര്യം നോക്കിയാണോ മാതാവിനെ അറിയുന്നതു്. ചാരിത്ര്യവതിയായ സ്വന്തം മാതാവു് നിർദ്ധനയെങ്കിൽ വഴിയെപോകുന്ന സധനയെ (കുബേരയെ) അമ്മയെന്നു് വിളിക്കാറുണ്ടോ.

റീ. അതല്ല ഞാൻ പറഞ്ഞതു്. പരി. റൂഹാ പിതാവിൽനിന്നു് പുറപ്പെട്ടാലും പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെട്ടാലും ത്രിത്വത്തിൽ വിശ്വസിക്കുന്നവർക്കു് അതൊരു വ്യത്യാസമല്ലെന്നാണു്.

അ. അപ്പോൾ വ്യത്യസ്ഥങ്ങളായ ഈ രണ്ടഭിപ്രായങ്ങളും ശരിയാണെന്നാണോ അച്ചൻ പറയുന്നതു്? ഒരു കാര്യത്തിൽ ശരി ഒന്നേയുള്ളു. രണ്ടു് ശരി ഉണ്ടാകയില്ല. രണ്ടും ശരിയാണെന്നു് അച്ചൻ ഓർക്കാതെ പറഞ്ഞതായിരിക്കാം.

വ്യത്യാസമൊന്നുമില്ലെങ്കിൽ റോമാസഭ പിന്നെന്തിനാണു് വലിയ വാദകോലാഹലങ്ങളുണ്ടാക്കി പിണങ്ങി പിരിഞ്ഞുപോയതു്? ഇതങ്ങു് സമ്മതിച്ചാൽ പോരായിരുന്നോ?

റീ. ത്രിത്വത്തിലെ ഏകത്വത്തിൽ നീ വിശ്വസിക്കുന്നുണ്ടോ?

അ. ഉണ്ടു്. ത്രിത്വത്തിലെ മൂന്നു് ആളത്വങ്ങളിൽ അച്ചനും വിശ്വസിക്കുന്നുണ്ടല്ലോ? യോഹ. 14: 16—ൽ ഞാൻ പിതാവിനോടു് ചോദിക്കും അവൻ സത്യത്തിന്റെ ആത്മാവു് എന്ന മറെറാരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു് നിങ്ങൾക്കു് തരും' എന്നു കാണുന്നു. ഇങ്ങനെ പുത്രന്റെ അപേക്ഷമൂലം മറെറാരു കാര്യസ്ഥനെ പിതാവു് അയയ്ക്കുന്നു എന്നു് വ്യക്തമായി കല്പിച്ചിരിക്കുമ്പോൾ പിതാവും പുത്രനുംകൂടിയാണു് അയയ്ക്കുന്നതെന്നു് വാദിക്കുന്നതെങ്ങനെയാണു്? എന്തിനാണു്?

റീ. ഇതിനൊക്കെ കത്തോലിക്കാവേദശാസ്ത്രജ്ഞന്മാർ മറുപടി പറഞ്ഞിട്ടുണ്ടു്. നീ അതൊന്നും വായിച്ചിട്ടില്ലേന്നേയുള്ളു.

അ. അച്ചൻ അതൊക്കെ വായിച്ചു് മനസ്സിലാക്കിയിട്ടായിരിക്കുമല്ലോ റോമാസഭയിൽ ചേന്നതു്. പറഞ്ഞുതന്നാൽ ഞാനുംകൂടി മനസ്സിലാക്കാമായിരുന്നു. യോഹ. 14: 26—ൽ 'പിതാവു്

ഉപകാരസ്മരണയ്ക്കു്



ബോബി കെ. നൈനാൻ, ഡോഹ.

എന്റെ നാമത്താൽ അയയ്ക്കുന്ന പ. റൂഹ.......' എന്നു് കർത്താവു് കല്പിച്ചിരിക്കുന്നതിൽനിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നതു് പിതാവു്. തന്നിൽനിന്നും പരി. റൂഹായെ അയയ്ക്കുന്നുവെന്നാണു്. അതിനു് വിപരീതമായി റോമാ സഭ ചിന്തിക്കുന്നതെന്തിനാണു്?

റീ. റോമാസഭയെപററി നീ എന്തറിയുന്നെടീ കൊച്ചമ്മേ? ക്രിസ്ത്യാനികളുടെ ഭൂരിപക്ഷം കത്തോലിക്കരാണെന്നു് നിനക്കറിയാമോ? ഇൻഡ്യാരാജ്യം വിലയ്ക്കു കൊടുക്കുമെങ്കിൽ നാളെ അതു വാങ്ങാൻതക്കവണ്ണം റോമാസഭ സമ്പന്നയാണു്. അതിനെതൊട്ടു് കളിക്കാതിരി അന്നാമ്മേ.

അ. അച്ചോ കർത്താവിനെ ക്രൂശിക്കാൻ അന്നു് മഹാഭൂരിപക്ഷമുണ്ടായിരുന്നു. ആ ഗുരുദ്രോഹിയെ വശപ്പെടുത്താനുള്ള മുപ്പതു വെള്ളിനാണയങ്ങൾക്കു് ആ പരീശസാദൂക്യപുരോഹിത കൂട്ടുകെട്ടു് തികച്ചും സമ്പന്നമായിരുന്നു. അതുകൊണ്ടു് അവർ വാദിച്ചതും പ്രവർത്തിച്ചതും ശരിയായിരുന്നോ? ഭൂരിപക്ഷവും സമ്പത്ശേഷിയും എപ്പോഴും സത്യത്തിന്റെ മാനദണ്ഡങ്ങളാണോ?

റീ. നീ എന്നോടു് തർക്കിക്കാൻ തയ്യാറാകയാണോടീ? ഇതെന്നുതുടങ്ങി?

## രോഗശാന്തിക്കു്



ത മസിച്ചതിനു ക്ഷമാപണം
മി. & മിസ്സസ് എം. സി. ജോർജ്ജ്,
ബോംബെ.

അ. (ചിരിച്ചുംകൊണ്ടു്) അച്ചാ കോപിക്കരുതേ. അച്ചൻ വി. സഭയേയും സാരോപദേശങ്ങളെയും ഉപേക്ഷിച്ചു് റോമാസഭയിൽ ചേർന്ന ഒരു സഭാത്യാഗിയായിത്തീർന്നപ്പോൾ മുതൽ സത്യത്തിനുവേണ്ടി സംസാരിപ്പാൻ ഞാനും തയാറായി. അതു പോകട്ടെ.

യോഹ. 16: 14—ൽ 'അവൻ എനിക്കുള്ളതിൽനിന്നും എടുത്തു് നിങ്ങൾക്കു് അറിയിച്ചുതരുന്നതുകൊണ്ടു് എന്നെ മഹത്വപ്പെടുത്തും' എന്നും യോഹ. 16: 15—ൽ 'അവൻ എന്നിൽനിന്നും എടുത്താണു് നിങ്ങളെ അറിയിക്കുന്നതു്' എന്നും സംശയരഹിതമായി കല്പിച്ചിരിക്കുമ്പോൾ പിന്നെ എന്തിനു തർക്കിക്കുന്നു. 'പിതാവിൽനിന്നു് പുറപ്പെടുകയും പുത്രനിൽനിന്നു് എടുക്കപ്പെടുകയും ചെയ്യുന്ന പരി. റൂഹാ' എന്നുള്ള വി. ഓർത്തഡോക്സ് സഭയുടെ വിശ്വാസം എത്രയോ ശരിയും വേദാനുസരണവുമാണു്. ഇതിനു് വ്യത്യസ്ഥമായുള്ള റോമാസഭയുടെ വിശ്വാസത്തിനു് എന്താണാധാരം? എന്തു് വേദത്തെളിവാണുള്ളതു്? ഏതെങ്കിലും ഒന്നു കാണിച്ചുതരാമോ? റോമാസഭ വലുതാണെന്നും കുബേരയാണെന്നും മുട്ട മടക്കില്ലയെന്നുമൊക്കെ പറയുന്നതല്ലാതെ അച്ചനും ഈ കാര്യം വേണ്ടപോലെ ബോദ്ധ്യമായിട്ടില്ലെന്നു് തോന്നുന്നല്ലോ. ഒരുപക്ഷേ ഈ മതമാററത്തിനു് ശേഷം ബോദ്ധ്യം വന്നാലും മതിയായിരിക്കാം.

റീ. പിതാവും പുത്രനും പ. റൂഹായും ത്രിയേക ദൈവമെന്നാണു് ഓർത്തഡോക്സ് സഭയും റോമാ സഭയും വിശ്വസിക്കുന്നതു്. അപ്പോൾ പിന്നെ ഇതൊരു വലിയ പ്രശ്നമാക്കേണ്ട കാര്യമൊന്നുമില്ല.

അ. അച്ചോ അച്ചൻ ധരിച്ചിരിക്കുന്നതിനേക്കാളും ഇപ്പോൾ പറയുന്നതിനേക്കാളും വളരെ കൂടുതലായ പ്രാധാന്യം റോമാസഭക്കാർ ഈ കാര്യത്തിനു് കൊടുത്തിട്ടുണ്ടു്. അച്ചൻ പറയുന്നതനുസരിച്ചാണെങ്കിൽ പരി. റൂഹാ പുറപ്പെടുന്നതു് പരി. റൂഹായിൽനിന്നും കൂടെയാണെന്നും പറയരുതോ? ത്രിത്വമല്ലേ? ഏകത്വമല്ലേ?

ഒരു കാര്യം പറയാം. കർത്താവിന്റെ സ്നാന സമയം പരി. റൂഹാ പറന്നിറങ്ങിയതു് എവിടെനിന്നായിരുന്നു?

റീ. സ്വർഗ്ഗത്തിൽനിന്നായിരുന്നുവെന്നാണു് വേദവാക്യം.

അ. ശരിയാണു്. യോർദ്ദാൻനദിയിൽ നിന്നിരുന്ന കർത്താവിൽനിന്നും പരി. റൂഹാ പുറപ്പെട്ടു് സ്വർഗ്ഗത്തിൽപോയശേഷം പിതാവിൽനിന്നും



വിശ്വാസിയും പരിശുദ്ധാത്മാവും IV

# പരിശുദ്ധാത്മ പ്രവർത്തനം

ഫാ. എം. വി. പൗലൂസ്. കോതമംഗലം

വിശ്വാസിയിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവു് വിശ്വാസിയെ വഴിനടത്തുകയും പരിപാലിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന വിവിധ രീതികൾ താഴെക്കാണിക്കുന്നു.

1. യേശു കർത്താവാണെന്ന വിശ്വാസം നല്കുന്നു 1 കോരി. 12: 3.
2. ക്രിസ്തുവിനെ സാക്ഷിക്കുവാൻ പ്രാപ്തരാക്കുന്നു യോഹ. 15: 27.

---

കൂടെ പുറപ്പെട്ടു് തിരിച്ചു് ഭൂമിയിൽ വന്നു് പുത്രന്റെമേൽ ആവസിക്കയായിരുന്നോ? അതോ, സ്വർഗ്ഗത്തിൽ പിതാവിൽനിന്നും പുറപ്പെട്ടു് ഭൂമിയിൽ വന്നു് പുത്രനിൽനിന്നുംകൂടെ പുറപ്പെട്ടു് പുത്രന്റെമേൽ ആവസിക്കയായിരുന്നോ? അച്ചന്റെ വാദം എങ്ങനെയാണു്?

റീ. ഞാനങ്ങനൊന്നും വാദിക്കുന്നില്ല. നിന്നോടു് തർക്കിക്കാനും വരുന്നില്ല. നമ്മുടെ രണ്ടു സഭകളുടേയും വിശ്വാസപ്രമാണം ഒന്നുതന്നെയാണു്. 'പിതാവിൽനിന്നു് പുറപ്പെട്ടു് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു് സ്തുതിക്കപ്പെടുന്ന പരിശുദ്ധ റൂഹായിലും വിശ്വസിക്കുന്നു' എന്നാണു്.

അ. അതെനിക്കറിയാം. അപ്പോൾ ഞങ്ങളുടെ വിശ്വാസം ശരിയും സത്യവുമാണെന്നു് റോമൻ കത്തോലിക്കസഭയും സമ്മതിക്കുന്നുവെന്നല്ലേ മനസ്സിലാക്കേണ്ടതു്?

റീ. അതല്ലേ അന്നാമ്മെ ഞാൻ പറഞ്ഞതു് വിശ്വാസത്തിൽ വ്യത്യസമില്ലെന്നു്.

അ. റീത്തുകാരും റോമൻകത്തോലിക്കസഭയുടെ അംഗങ്ങളല്ലേ. സഭയുടെ വിശ്വാസം എല്ലാവർക്കും ഒന്നാണെങ്കിൽ നേരത്തെ റോമാസഭയിൽ ചേർന്ന സിറിയൻ കറത്തോലിക്കർക്കും ലത്തീൻ കത്തോലിക്കർക്കും എല്ലാം വിശ്വാസവും വിശ്വാസപ്രമാണവും എല്ലാം ഒന്നുതന്നെയായിരിക്കണമല്ലോ.

റീ. അതേ. ഒന്നുതന്നെയാണു്. പിന്നെ ഒരു സഭയിൽ പരസ്പരവിരുദ്ധമായ വ്യത്യസ്ഥവിശ്വാസങ്ങൾ ഉണ്ടാകുമോ? അങ്ങനെയൊരു സഭയുണ്ടോ?

അ. ഒരു വിശ്വാസപ്രമാണംതന്നെയാണെന്ന അച്ചനു നിശ്ചയമാണോ?

റീ. അതേന്നു് പറഞ്ഞില്ലേ? നിനക്കെന്താ ഇത്ര സംശയം?

അ. അച്ചോ! ഈ പുസ്തകം റോമൻകത്തോലിക്കാസഭയിലെ 'സീറോ മലബാർ സഭയുടെ ആരാധനക്രമ'മാണു്. 1968—ൽ മാന്നാനം പ്രസ്സിൽ ആർച്ചുബിഷപ്പു് ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ അംഗീകരണത്തോടെ അച്ചടിച്ച വി. കുർബാനക്രമം. ഇതിന്റെ 14—ാം പേജിൽ വിശ്വാസപ്രമാണമുണ്ടു്. 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു' എന്നാണു് അതിൽ കാണുന്നതു്. അതു് തെററാണെന്നു് സമ്മതിക്കാമോ?

റീ. (അച്ചൻ പുസ്തകം വാങ്ങി ശരിക്കു് പരിശോധിക്കുന്നു) ഈ പുസ്തകം ഞാനിതുവരെയും കണ്ടിട്ടില്ല.

അ. അച്ചൻ കാണാത്തതും അറിയാത്തതുമായ പല വിശ്വാസവ്യത്യാസങ്ങളും റോമാസഭയിലുമുണ്ടെന്നാണു് ഞാൻ പറഞ്ഞതു്. അച്ചനിപ്പോൾ അതു് ബോദ്ധ്യമായല്ലോ. അച്ചന്റെ റീത്തുസഭയും പാറേക്കാട്ടിൽ തിരുമേനിയുടെ സീറോ മലബാർ സഭയും തമ്മിൽ പരസ്പരവിരുദ്ധങ്ങളായ വിശ്വാസങ്ങൾ സ്വീകരിക്കുന്നു. രണ്ടുകൂട്ടരും റോമൻ കത്തോലിക്കരുമാണു്. ഇതു രണ്ടും ശരിയാണെന്നു് റോമാപാപ്പായും പറയുന്നു. അച്ചൻ പറഞ്ഞാട്ടെ; ഇങ്ങനൊരു സഭയുണ്ടോ?

റീ. ഞാൻ ഇറങ്ങട്ടെ അന്നാമ്മെ. ഇനിയും വരാം. ഈ പുസ്തകംകൂടെ ഞാൻ കൊണ്ടുപോകട്ടെ. തിരിച്ചുതരാം.

അ. അച്ചൻ കൊണ്ടുപോയാട്ടെ. അച്ചാ! സത്യം അച്ചനു് വ്യക്തമായല്ലോ. ഓർത്തഡോക്സ് സഭയുടെ വിശ്വാസം സത്യമാണു്. കറ തീർന്നതാണു്. അപ്പോസ്തോലികമാണു്. അച്ചാ! ക്ഷമിക്കണേ. അച്ചൻ വി. സഭയിലേക്കു് തിരിച്ചുവരണം. ഞങ്ങളുടെ ആഗ്രഹമതാണു്. അച്ചന്റെ ആവശ്യവുമാണു്. അച്ചൻ ആലോചിച്ചാട്ടെ. വന്നാട്ടെ. കാപ്പി കുടിച്ചിട്ടുപോകാം.

—०—

അവർ നമുക്കവേണ്ടി പ്രാത്ഥിക്കുവാൻ കാരണമാകും. 'പ്രാർത്ഥനയെന്നതു് സഭയാകുന്ന ശരീരത്തിൽകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന ജീവരക്തം' ആണെന്നു് റഷ്യൻ വേദശാസ്ത്രജ്ഞനായ കമിയാക്കോവ് എഴുതിയിരിക്കുന്നു. സഭയുടെ അംഗങ്ങൾ പ്രാത്ഥനയാൽ പരസ്പരം യോജപ്പിക്കപ്പെടുന്നു; ജീവനും ചൈതന്യവുമുള്ളതായി സഭ തീരുന്നു. രക്തം വാൻപോകുന്നതോ കെട്ടിനിൽക്കുന്നതോ ആയ അവയവം മരിച്ചുപോവുകയോ, വരണ്ടുപോവുകയോ ചെയ്യുന്നതുപോലെ, അംഗങ്ങൾ പരസ്പരം പ്രാത്ഥനയില്ലാതെയാകുന്നതായാൽ തങ്ങൾതന്നെ ആത്മീയമായ വരൾച്ചയിലായിത്തീരുന്നതാണു്. ദൈവം എല്ലാവരുടെയും രക്ഷ ആഗ്രഹിക്കുന്നു. ആരും നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ആകയാൽ സർവ്വരുടെയും രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതു് ഓരോരുത്തരുടെയും കടമയാണു്.

ആകസ്മികമായുണ്ടാകുന്ന മരണം പലപ്പോഴും ശരിയായ കമ്പസാരത്തിനോ വി. കർബാനാനുഭവത്തിനോ പലർക്കും അവസരം കിട്ടാതിരിക്കുവാൻ കാരണമാവാറുണ്ടു്. മരണത്തിനുവേണ്ടിയുള്ള ഒരുക്കം ശരിയായില്ല എന്നു പറയാം. എന്നാൽ ഒരു ക്രിസ്ത്യാനി മരണത്തിനുവേണ്ടി എപ്പോഴും ഒരുങ്ങിയിരിക്കണം. മരണം, ന്യായവിധി, നിത്യജീവൻ, നിത്യദണ്ഡനം എന്നിവ നമ്മുടെ സ്മൃതിപഥത്തിൽ എപ്പോഴും ഉണ്ടായിരിക്കേണ്ട കാര്യങ്ങളായി സഭ നിഷ്ക്കർഷിക്കുന്നതു് മരണത്തിനു വേണ്ടി നാം എപ്പോഴും തയ്യാറായിരിക്കണമെന്നുള്ളതു് അനുസ്മരിപ്പിക്കയാണു്. എന്നാൽ ഇങ്ങനെ ആകസ്മികമായി മരിക്കുന്നവരെയും ഓർമ്മിച്ചു് അവരുടെ പാപമോചനത്തിനുവേണ്ടി യാചിക്കേണ്ടതു് സഭയുടെ അംഗങ്ങളാണു്. അവരുടെ കടങ്ങളും വീട്ടേണ്ട ചുമതല സഭയുടേതാണു്.

സഭ ദൈവത്തിന്റെ ആലയവും മശിഹായുടെ ശരീരവും പരിശുദ്ധാത്മാവിന്റെ അധിവാസസ്ഥാനവുമാണു്. കന്യകമറിയാംമുതൽ ഇന്നുവരെ നിദ്ര പ്രാപിച്ച വിശുദ്ധന്മാരും ശുദ്ധിമതികളും എല്ലാ മരിച്ചുപോയവരും അതിന്റെ വലിയൊരു ഭാഗമാണു്. ഈ വർത്തമാനകാലത്തു് ജീവനോടി

ഉപകാരസ്മരണയ്ക്കു്



മി. & മിസ്സസ്. കെ. കെ. മാത്തൻ & റീനാ, ബാംഗ്ളൂർ.

രോഗശാന്തിക്കു്



എം. ഏലിയാമ്മ, നരിയാപുരം. Sherly, Shibu, Shaji, Shiju, Shyan. മിസ്സസ്. കെ. ജി. തോമ്മസ്, കൊല്ലം.



## ? സംശയങ്ങൾ ചോദിക്കുക

### ഗീവർഗീസ് മാർ ഒസ്താത്യോസ് മെത്രാപ്പോലീത്താ

1) പെരുനാളിനോടനുബന്ധിച്ചുള്ള വെടിക്കെട്ടു്, കഥാപ്രസംഗം, നാടകം മുതലായ കലാപരിപാടികൾ അനുവദനീയമോ?

(റെവ. കെ. ജോൺ, തുമ്പമൺ)

ഈ വിഷയത്തെക്കുറിച്ചു പ. സുന്നഹദോസിന്റെ തീരുമാനം താമസംവിനാ പട്ടക്കാർക്കു് അയച്ചുകൊടുക്കും. പെരുനാൾ പരിശുദ്ധ കർബാനയെ കേന്ദ്രീകരിച്ചായിരിക്കണം. വിശ്വാസികൾ അന്നു വി. കർബാന അനുഭവിക്കാൻ അവരെ ഒരുക്കണം. കലാപരിപാടികൾ എല്ലാംതന്നെ തിന്മയല്ലെങ്കിലും പെരുനാളിന്റെ തലേ രാത്രിയിൽ അവ കഴിവതും ഒഴിവാക്കണം. പ്രയോജനകരമായ കലാപരിപാടികളാണെങ്കിൽ അതു പെരുനാൾ കഴിഞ്ഞുള്ള രാത്രിയിലല്ലാതെ തലേ രാത്രിയിൽ നടത്തരുതു്. മദ്യപാനികളെ പ്രോത്സാഹിപ്പിക്കുന്ന യാതൊന്നും അരുതു്. വിശുദ്ധന്മാരുടെ പെരുനാളുകൾ വിശുദ്ധമായും ഭക്തിയോടും നടത്തേണ്ടതാണു്. റാസകൾപോലും രാത്രി പത്തു മണിക്കു മുമ്പു തീർന്നിരിക്കണം.

2) മലങ്കര ഓർത്തഡോക്സ് സഭയുടെ ആദ്യത്തെ കാതോലിക്കാ ആർ? ഇപ്പോഴത്തെ കാതോലിക്കാ എത്രാമൻ (ഒ. ന്യൂഡൽഹി)

കാതോലിക്കേറ്റിന്റെ ചരിത്രം ആരംഭിക്കുന്നതു് എ. ഡി. 231–ൽ യറുശലേമിലാണു്. ആദ്യം അവിടെവച്ചു വാഴിക്കപ്പെട്ട കാതോലിക്കാ ആഹോദാബൂയി ആയിരുന്നു. പേർഷ്യയിൽ നിലനിന്നു വന്ന കാതോലിക്കേറ്റു് ഇൻഡ്യയിൽ തുടരുന്നതായി പരിഗണിച്ചാൽ ഇപ്പോഴത്തെ കാതോലിക്കാ 88–ാമത്തെതാകുന്നു. 1912–ൽ ഇവിടെ സ്ഥാപിക്കപ്പെട്ട കാലംമുതൽ നോക്കിയാൽ ഇപ്പോഴത്തെ കാതോലിക്കാ 5–ാമത്തെ കാതോലിക്കായാണു്.

3) മാർത്തോമാ ഇൻഡ്യയിൽ സ്ഥാപിച്ച പള്ളികൾ ഏവ? ഇപ്പോൾ നമ്മുടെ കൈവശം എത്ര? (Do)

ഏഴ പള്ളികൾ കൊല്ലം, നിരണം, ചായൽ, വ. പറവൂർ, കോട്ടക്കായൽ, കൊടുങ്ങല്ലൂർ, പാലൂർ എന്നിവയും അരപ്പള്ളി (കുരിശു്) തിരുവാംകോടും അത്രെ. അവയിൽ നിരണവും തിരുവാംകോടുമാണു് ഇപ്പോഴും നമ്മുടെ അധീനതയിൽ. കൊല്ലത്തേതു കടൽ കയറി നശിച്ചു. ചായൽ ഇപ്പോൾ ഇല്ല. ചിലതു റോമൻകത്തോലിക്കരുടെ അധീനതയിൽ 16–ാം നൂററാണ്ടിൽ ആയിത്തീർന്നു.

4) നമ്മുടെ അംഗസംഖ്യ എത്ര? (Do)

1064 പള്ളികൾ മലങ്കരയിലും, നൂറോളം പള്ളികൾ കേരളത്തിനു പുറത്തും ഉള്ളവയിൽ 15 ലക്ഷം അംഗങ്ങൾ കാണുമെന്നു പ്രതീക്ഷിക്കുന്നു.

5) കർത്താവു ജനിച്ചതു് എന്നു് (Do)

ബി. സി. 6-ൽ എന്നും 4–ൽ എന്നും രണ്ടു് അഭിപ്രായങ്ങൾ ഇന്നും ഉണ്ടു്.

രിക്കുന്ന നാം സഭയുടെ ഒരു ചെറിയ ഭാഗംമാത്രമാണു്. നമ്മുടെ ആരാധനകളിലും പ്രാത്ഥനകളിലും പ്രത്യേകിച്ചും വി. കർബാനകളിലും സഭയുടെ ഈ വലിയ സംഘത്തിന്റെ സാമീപ്യവും സാന്നിദ്ധ്യവും സജീവതയും നമുക്കു് അനുഭവമാകേണ്ടതാണു്. അവർക്കുവേണ്ടി നാം നടത്തുന്ന മദ്ധ്യസ്ഥപ്രാത്ഥനകൾ സഭയുടെ മുഴുവനായ ചൈതന്യത്തിനു് കാരണമാണു്. പിതാവാം ദൈവം സഭയുടെ മദ്ധ്യസ്ഥ പ്രാർത്ഥനകളെ അതിന്റെ തലയും വലിയ മദ്ധ്യസ്ഥനുമായ മശിഹായുടെ പ്രാത്ഥനകളോടൊപ്പം സ്വീകരിക്കുന്നു. വാങ്ങിപ്പോയവരുടെ നിത്യസ്മരണ നമുക്കു് എന്നും സഹായമായിരിക്കട്ടെ.

—o—

ഉപകാരസ്മരണയ്ക്കു്



ചാക്കോ ചുങ്കത്തിൽ. മിസ്സസ്. കെ. കെ. തോമസ്, തുമ്പമൺ.

# നല്ല ഇടയൻ

രീതി:

വത്സലരേ, ഭൂര,ത്തെന്തിനു നില്ലുന്നെ....

സർവ്വേശൻ തനയൻ കുഞ്ഞാടാമേശു
മന്നിതിൽ വന്നു മാനവരെ രക്ഷിച്ചീടാൻ

സ്നേഹത്തിൻ പൊരുളേ വല്ലഭനേ നാഥാ
ഏഴകളടിയാർ തിരുമുൻപിൽ സ്തുതിപാടുന്നു
കാടേറിപ്പോയോരാടുകളെത്തേടി
പാരിതിലെത്തിയൊരിടയാ നന്മ നിറഞ്ഞോനെ

നന്മയതെന്താണെന്നറിയാത്തജവൃന്ദം
മൂഢതയാൽ നല്ലിടയാ നിൻവിളി കേട്ടില്ല
ശാഠ്യത്തോടയ്യോ യൂദകുലേശന്മാർ
നിരസിച്ചാനേറ്റം പരിഹാസത്തോടങ്ങേ

സ്വന്തക്കാരിടയിൽ ആഗതനായിടയൻ
അവനെക്കാണായ്‌വാനവരൊ കൺ കുരുടാക്കി
നീതി നിവർത്തിപ്പാനെത്തിയ വരസുതനെ
നരവംശത്തിൻ തലവന്മാർ വിദ്വേഷിച്ചു

## കോശി മാത്യു

പിടികൂടീട്ടവനെ കൊലയാളിയ്ക്കൊപ്പം
പീലാത്തോസിനെയേല്പിച്ചു കൊലചെയ്യീടാൻ
പീലാത്തോസവനെ വെറുതേ വിട്ടീടുവാൻ
പണിചെയ്യെങ്കിലുമക്കൂട്ടം കനിവാർന്നില്ല

'ഇവനെ ക്രൂശിയ്ക്കാ പകരം ബറബ്ബായെ
ഞങ്ങൾക്കായ് തരികെ'ന്നു ജനം ബഹളം കൂട്ടി
രക്തത്തിൻേറതാം ശാപവിമുക്തിക്കായ്!
പീലാത്തോസ് കൈ കഴുകിയഹോ കുറ്റമൊഴിച്ചു

സ്വന്തക്കാരിടയിൽ ആഗതനായ് നാഥൻ
സ്വന്തക്കാരവനെയേറ്റില്ലൊട്ടുംതന്നെ
പീലാത്തോസവനേ യൂദർക്കേല്പിച്ചു
പരിഹാസത്തോടവനേയങ്ങവർ കൈയേറ്റു

6) വിവാഹത്തിൽ മോതിരവും കിരീടവും എന്തു കാണിക്കുന്നു (Do)

മോതിരം വിവാഹനിശ്ചയത്തെ കാണിക്കുന്നു. റിബേക്കായ്ക്കു ഏലിയാസാർ മോതിരം ഇട്ടതുപോലെ. കിരീടം വാഴ്‌വ്, ഒരു കുടുംബത്തിൻെറ രാജാവും രാജ്ഞിയുമാകുന്നു. ദൃശ്യകിരീടമാകുന്ന കുരിശുവഴി അദൃശ്യകൃപ ദമ്പതികൾക്കു ലഭിക്കുന്നു.

—o—

ദണ്ഡിപ്പിച്ചവരോയിടയനെ നിഷ്കരുണം
മുൾമുടിയണിയിച്ചു ജയജയഘോഷം പാടി
കുഴകമരം തോളത്തേറ്റി നടത്തിച്ചു
വീഴുമ്പോളടിയേല്പിച്ചു കഠിനം മേന്മേൽ

കരള തകർക്കുമൊരീ കാഴ്ചകൾ കാണുകയാൽ
നിർമ്മലചിത്തകളംഗനമാർ പ്രലപിച്ചേറ്റം
ബലിയാടായ്തീർന്ന രക്ഷകനാമിടയൻ
നിരുപമകൃപയാലരുളിച്ചെയ്തവരോടേവം

'ഊർശ്ലേം പുത്രികളെ കേഴേണ്ടെൻപേർക്കായ്
എന്നാലൊ പ്രലപിപ്പിൻ പിൻ തലമുറകൾക്കായ്
വന്ധ്യയ്ക്കും സ്തന്യം നൽകാത്തോർക്കുമഹോ
ഭാഗ്യം താനെന്നുരചെയ്യും കാലം വരുമേ'

തദനന്തരമീശൻ ബലിയാടാമേശു
നരപാപത്തിൻ ഭാരവുമേന്തി കാൽവറിയേറി
ദൈവിക കുഞ്ഞാടേ ലോകോദ്ധാരകനേ
സ്തുതിപാടുന്നടിയാരതിയായ് തിരുസന്നിധിയിൽ

സ്നേഹത്തിൻപതിയേ കരുണാസാഗരമേ
കെഞ്ചീടുന്നേഴകളടിയാർ നിൻകൃപയതിനായ്
അന്തിമകാലത്തിൽ മഹിമാവൊടു വീണ്ടും
വന്നീടുമ്പോൾ ഞങ്ങളെ നീ തള്ളീടരുതെ.

ഉപകാരസ്മരണയ്ക്ക്



ഉമ്മനം കുടുംബവും, ബോംബെ.



# OUR CHURCH

## Its History, Doctrines, Dogmas, Faith, Order, Discipline etc. at a glance.

By Rev Fr. THOMAS P. MUNDUKUZHY, U. S. A.

THE SANCTUARY:

Holy Eucharist – the sacrifice of our Lord on Calvary–is conducted on the altar in the sanctuary. Here the entire life of our Lord is actually presented in a dramatic form. The sanctuary is seemingly then heaven with the presence of the Father, Son, and Holy Spirit along with the angels (Eph. 2.1–16). This is like the Holy of Holies of Jerusalem Temple (Hebrews 9:4–5). This is Gogultha (Genesis 14:18) where Melchizedek worshipped (which was close to Adam's sepulchre where the cross of our Lord for crucifixion was errected). As the mother and the disciples watched the crucifixion and the shedding of blood from our Lord's body, here in the sanctuary, the worshippers watch His presence in the bread and wine on the altar. The sanctuary symbolizes Mt. Sinai (Ex. 19:16–250, as well as Paradise (Rev. 2:7).

THE ALTAR: The altar has been known as:

1. Table of Sacrifice
2. Throne of God in Heaven
3. Tomb of our Lord
4. Table of life
5. Manger (6) Israel (7) Mt. Calvary.

THE CROSS: There must be a cross on the altar when we celebrate the Holy Eucharist. It shows the presence of our Lord and Saviour. Cross is the symbol of salvation. The top of the cross stands for love, the bottom for humility, the right side for obedience, and the left side for patience. Cross reveals the passion and death of our Lord. It is our weapon to fight against the evil.

The writing on the Cross: "INRI" stands for "Jesus of Nazareth, the King of the Jews."/ I=Jews, N=Nazareth, R=Rex=King, I=Jew.

THE COVERINGS: The first covering of the altar, the white linen, represents the winding-sheet in which the body of our Lord was wrapped. The upper altar-cloth, of rich and brilliant material represents the glory of God's throne. It covers the front side (facing west wards) of the altar to the ground usually with three divisions (denoting Trinity) with cross in the center representing the Lord.

THE PORTABLE ALTAR (TABLITHO): This is a small altar. It is a small piece of good wood or marble measuring about 18'' x 9''. With a portable altar, Eucharist can be celebrated any where. It is laid under the cup and chalice. (or in other words the cup and chalice are placed over this) The altar then becomes Calvary and the portable altar stands for the Sacred cross when we celebrate Holy Qurbana. Without portable altar, Eucharist cannot be officiated. It is also interpreted the Tree of Life in the garden of Eden. Portable altar is usually sanctified along with the consecration of Madbhao and Thronous of churches.

The covering of the portable altar has three colour, Red, green and white. or Yellow RED represents the omni-presence and omni-potence of God: GREEN stands for the world and the grace of God given through: and WHITE is for the Holy Church, Another interpretation

# കാതോലിക്കാ സിംഹാസന ചരിത്രം (തുടർച്ച)

### ഏബ്രഹാം സഖറിയാ. ചെമ്പകമഠം

## വിഘടിത മെത്രാൻമാർ

1973–ൽ അബ്രേം ആബൂദി എന്ന പരദേശി
മെത്രാനെ കേന്ദ്രസർക്കാർ നാടുകടത്തിയതോടെ
യാക്കോബ് തൃതീയനും പരദേശപ്രേമികളായ വി
ഘടിതർക്കും കടുത്ത നിരാശയും തജ്ജന്യമായ ദുർ
വാശിയും വർദ്ധിച്ചു എന്നു തോന്നുമാറ്, നാട്ടുകാരാ
യ ചിലരെ അനധികൃതമായി മെത്രാന്മാരാവാൻ
യാക്കൂബ് തൃതീയൻ ഒരുമ്പെട്ടു അങ്ങനെ പാത്രിയ
ർക്കീസു കടവിൽ പോറമ്പാനെ, ദമസ്ക്കോസി
ലേക്ക് വിളിച്ച് മെത്രാൻ പദവി നൽകി. അദ്ദേ
ഹം പൗലൂസ് അത്താനാസ്യോസ് എന്ന പേരിൽ
പെട്ടെന്നു മലങ്കരയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, ഈ
അനധികൃത മെത്രാൻ സഭയുടെവക പള്ളികളിൽ
ഒന്നിലും കയറാതിരിക്കുവാൻ, കാതോലിക്കയും
നിയുക്ത കാതോലിക്കായും വാദികളായി ഒരു കേ
സ്സ് ഫയൽ ചെയ്യുകയും, കേസു വാദംകേട്ടശേഷം,
കോടതി ഒരു നിരോധന ഉത്തരവു പുറപ്പെടുവിക്കു
കയും ചെയ്തു.

പൌലൂസ് അത്താനാസ്യോസിനു ശേഷം,
പെരുമ്പള്ളി വികാരിയായിരുന്ന ഒരു. ഗീവറുഗീ
സ് കത്തനാരെയും, മറ്റൊരു സി. എം. തോമസ്
കത്തനാരെയും മെത്രാന്മാരാക്കി എന്ന് പിന്നീട്
വാർത്ത പരന്നു. ഇവർ ഓരോരുത്തരും രഹസ്യ
ത്തിൽ ഇൻഡ്യ വിടുകയും, പരമരഹസ്യമായിത്ത
ന്നെ നിശയുടെ നിശബ്ദയാമത്തിൽ, വേഷംമാ
റി, അവരവർ ഇപ്പോൾ ഇരിക്കുന്ന പള്ളികളിൽ
വന്ന് ഇരിപ്പുറപ്പിക്കുകയും പ്രഭാതമായപ്പോൾ വാ
ർത്ത നാടാകെ പരക്കുകയുമാണുണ്ടായത്. ഇവക്ക്
എതിരായും പൗരസ്ത്യ കാതോലിക്കാ നിരോധന
ഉത്തരവിനു് അപേക്ഷിക്കയും കോടതി അവരെ
നിരോധിക്കയും ചെയ്തു.

---

is that these three colours stand for heaven, world and hades to show that our Saviour is the Lord of all.

THE CANDLES:

There may be twelve candles on the altar as of Apostles, or seven as of in the Jerusalem Temple. Seven is also our customary sacred number.

There were many lights in the Upper Chamber (Acts 20:8).

Candles stand for light. Our Lord is the light of the world (Jn. 1:9, 8:12). The candle wax, when it melts, is changed into another shape. This is like a person when he accepts Christianity by rebirth in Jesus Christ, becoming a new creation in Jesus, the Lord.

Lighted candles in the church shows that the Christian c urch is the continuation of the Jerusalem temple.

Candles also stand for the illumination of our souls by the spirit.

CANOPY: In some sanctuaries, a canopy is suspended over the altar. to represent the heavens outspread over the earth, upon which sacrifice is offered for the sins of the world.

THE ARK:

This is some times placed on the altar to place the Holy Gifts reserved for the sick, and for the Liturgy of the Pre-sanctified Gifts.

(TO BE CONTINUED.....................)



ഇതിനും പുറമെ തിരുവല്ലായിൽ മേപ്രാൽ
സ്വദേശി ഒരു കര്യൻ കത്തനാർക്കും, കുത്താട്ടുകുളം
കാരൻ തോമസ് കത്തനാർക്കും യാക്കൂബ് iii അന
ധികൃതമായി മെത്രാൻ സ്ഥാനം നൽകി. ഇവക്ക്
എതിരായും കോടതിയുടെ നിരോധന ഉത്തരവുകൾ
ഉണ്ടായിട്ടുണ്ട്.

## കാതോലിക്കേറ്റിലെ 1064 പള്ളികൾക്കും വേണ്ടിയുള്ള കേസ്

യാക്കൂബ് iii വാഴിച്ചുവിടുന്ന മെത്രാൻസ്ഥാ
നികൾ ആരും മലങ്കരസഭയുടെ പള്ളികളിൽ കയ
റുകയോ ഭരണം നടത്തുകയോ ചെയ്യാതിരിക്കുന്ന
തിനും ഇവിടെയുള്ള 1064 പള്ളികളും അവയുടെ
സ്വത്തുക്കളും കാതോലിക്കേറ്റിൽ ഉൾപ്പെട്ടതും
അവയുടെ ഭരണാധികാരം മലങ്കരസഭയിൽ നിയ
മാനുസരണം വാഴിക്കപ്പെടുന്ന മലങ്കരമെത്രാൻ—കാ
തോലിക്കായ്ക്കും, കാതോലിക്കാ അദ്ധ്യക്ഷനായു
ള്ള എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും ആണെ
ന്നും വിധിയുണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട്
പ. കാതോലിക്കായും, അദ്ദേഹത്തിൻെറ പിൻഗാ
മിയായി നിയമാനുസരണം തെരഞ്ഞെടുക്കപ്പെട്ട
നിയുക്ത കാതോലിക്കായും വാദികളായി കോട്ട
യം ഡിസ്ട്രിക്റ്റ് കോടതിയിൽ 1974–ൽ 142–ാം
നമ്പരായി (142/1974) ഒരു അന്യായം ഫയൽ
ചെയ്തു. എതിർകക്ഷികളായ വിഘടിതമെത്രാന്മാർ
പള്ളിയിൽ പ്രവേശിക്കുന്നതിനെയും കർമ്മാദികൾ
നടത്തുന്നതിനെയും ഒരു ഇൻജംഗ്ഷൻമൂലം തടയ
ണമെന്നും വാദികൾ അപേക്ഷിച്ചിരുന്നു. കേസ്സു
വിധിയാകുന്നതുവരെ പ്രതികൾ പള്ളികളിൽ പ്ര
വേശിക്കുന്നതിൽനിന്നും അവരെ തടഞ്ഞിരിക്കുന്ന
തായി ഇൻജംഗ്ഷൻ ഉത്തരവായി.

## കാതോലിക്കോസിൻെറമേൽ യാക്കൂബ് III ൻെറ ആരോപണങ്ങളും കാതോലിക്കോസിൻെറ മറുപടിയും

30–1–1974–ൽ യാക്കൂബ് iii മാർ ഔഗേൻ
കാതോലിക്കോസിന് അയച്ച ഒരു കത്തിൽ കാ
തോലിക്കായുടെ മേൽ ചില ആരോപണങ്ങൾ ഉന്ന
യിച്ചിരുന്നു:—

1) മാർത്തോമ്മായ്ക്കു ഒരു സിംഹാസനം ഉണ്ടെ
ന്ന വാദം, (2) കാതോലിക്കായ്ക്ക് ആകമാന
സുറിയാനി സഭയുടെ പാത്രിയർക്കീസിനോടു തു
ല്യമായ പദവി ഉണ്ടെന്ന അവകാശവാദം, (3) ഇൻ
ഡ്യൻ ഓർത്തഡോക്സ് സഭ ഒരു സ്വതന്ത്രസഭ
യാണെന്നും അതിൻെറ പരമോന്നത മഹാപുരോ
ഹിതൻ കാതോലിക്കായാണെന്നുമുള്ള വാദം, (4) ഡ
ലിഗേറ്റിനെ നിരാകരിച്ചതു്, (5) 25–5–73–ലെ
മാനേജിംഗ് കമ്മററിയിൽ, പാത്രിയർക്കീസ് മല
ങ്കരയിലേക്ക് മെത്രാനെ വാഴിച്ചാൽ മലങ്കരയുമാ
യുള്ള ബന്ധം പാത്രിയർക്കീസ് സ്വമേധയാ വി
ച്ഛേദിച്ചതായി ഗണിക്കപ്പെടുമെന്ന് പ്രമേയം പാ
സ്സാക്കിയതു്, (7) 7–8–73—ൽ കാതോലിക്കാ
പാത്രിയർക്കീസിന് അയച്ച കത്ത് ധിക്കാരപര
വും കാതോലിക്കായുടെ നിലയ്ക്ക് യോജിക്കാ
ത്തതുമായിരുന്നു.

എന്നിത്യാദി 13 ആരോപണങ്ങളായിരുന്നു
കത്തിൽ അടങ്ങിയിരുന്നതു്.

ആരോപണങ്ങളെ നിഷേധിച്ചുകൊണ്ട് കാ
തോലിക്കോസ് തയാറാക്കിയ മറുപടി ഇപ്രകാ
രം സംഗ്രഹിക്കാം:—

(1) പൌരസ്ത്യ കാതോലിക്കായുടെമേൽ ആ
രോപണം ഉന്നയിക്കുന്നതിനോ മറുപടി ആവശ്യ
പ്പെടുന്നതിനോ പാത്രിയർക്കീസിന് അധികാര
മില്ല. ആരോപണങ്ങൾ സ്വീകരിക്കുന്നതിനും വി
ചാരണ ചെയ്യുന്നതിനും അധികാരം മലങ്കര സുന്ന
ഹദോസിനു മാത്രമേയുള്ളു. (2) മാർത്തോമ്മായു
ടെ സിംഹാസനം ശരിയും ചരിത്രം, പാരമ്പര്യം
ഇവയെ അടിസ്ഥാനമാക്കിയുള്ളതുമാണ്. (3) ഇൻ
ഡ്യൻ ഓർത്തഡോക്സ് സഭ എന്ന പേരിൽ സഭ
അറിയപ്പെടുന്നില്ല. പൗരസ്ത്യ ഓർത്തഡോക്സു
സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കാ
യാണ്. മാർത്തോമ്മാ സിംഹാസനം പൗരസ്ത്യ
ഓർത്തഡോക്സു സഭയുടെ ആഭ്യന്തരകാര്യമാണ്.
(4) കാതോലിക്കായുടെ ഇടവകയിൽ ഡലിഗേ
റ്റിനു യാതൊരു സ്ഥാനവുമില്ല. ഡലിഗേറ്റി
നെ തിരിച്ചയ്ക്കാനുള്ള നടപടിയെ അനുകൂലിച്ച
തിൽ യാതൊരു തെററുമില്ല. (5) മാനേജിംഗ്
കമ്മററിയുടെ പ്രമേയം പാസ്സാക്കുന്നതിന് കമ്മററി
ക്ക് അധികാരമുണ്ട്. (6) തിയോളജിക്കൽ കോ
ളജ് യൂണിവേഴ്സിററിയുമായി ബന്ധപ്പെടുത്തി
യതു് ഒരു അക്കാഡമിക്ക് നടപടിയാണ്,
(7) 7–8–73–ലെ കത്തിൽ അപമര്യാദയൊ,
ധിക്കാരമൊ നിരൂപിച്ചിട്ടില്ല. അതു കത്തിലെ
ഏതു ഭാഗത്ത് ആണെന്ന് ആരോപണത്തിൽ ചൂ
ണ്ടിക്കാണിച്ചിട്ടില്ല.

ഈ മറുപടി പാത്രിയർക്കീസിൻെറ ആരോ
പണ കത്തോടുകൂടി കാതോലിക്കാബാവാ സുന്നഹ
ദോസിന് അയച്ചു. കാതോലിക്കായുടെ മേൽ പരാ
തി ഉണ്ടായാൽ അതേപ്പററി അന്വേഷണം നടത്തു
ന്നതിനുള്ള അധികാരം കാനോനനുസരിച്ചും ഭരണ
ഘടനപ്രകാരവും മലങ്കര സുന്നഹദോസിനു മാത്രമാ

കയാലാണ് പ്രസ്തുത മറുപടി പാത്രിയർക്കീസിനയയ്ക്കാതെ സുന്നഹദോസിനയച്ചത്. (ഭരണഘടന 118-ാം വകുപ്പ് 'മേല്പട്ടക്കാരുടെ പേരിലുള്ള പരാതി എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡന്റിന്റെ അടുക്കൽ കൊണ്ടുവരേണ്ടതും പ്രസിഡന്റ് അതിനെ സിനഡിൽ കൊണ്ടുവരേണ്ടതും, ഇരുകക്ഷികൾക്കും നോട്ടീസ് കൊടുത്ത് തെളിവെടുത്തു വാദം കേട്ടതിനുശേഷം സിനഡിന്റെ ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രസിഡന്റ് വിധി പ്രസ്താവിക്കേണ്ടതുമാകുന്നു. പരാതി കാതോലിക്കായെപ്പററിയാണെങ്കിൽ മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസ് ഉണ്ടെങ്കിൽ പാത്രിയർക്കീസിനെക്കൂടെ ക്ഷണിക്കേണ്ടതും അദ്ദേഹം വരുന്നപക്ഷം സിനഡിന്റെ പ്രസിഡന്റായിരിക്കുന്നതും വരാത്തപക്ഷം സിനഡ് വിധി കല്പിക്കുന്നതുമാകുന്നു). ഔഗേൻ കാതോലിക്കോസ് തന്റെ മേലുള്ള ആരോപണം ചർച്ച ചെയ്യുന്ന സുന്നഹദോസിൽ തന്റെ സാന്നിദ്ധ്യം ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

ഈ വിവരം കാതോലിക്കാബാവാ പാത്രിയർക്കീസിനെയും അറിയിച്ചു.

## ആരോപണം സുന്നഹദോസ് വിചാരണ ചെയ്യുന്നു

കാതോലിക്കായെപ്പററി ഒരു പരാതിയോ ആരോപണമോ ഉണ്ടായാൽ നടപടികൾ എടുക്കാൻ അധികാരമുള്ളത് മലങ്കര സുന്നഹദോസിനു മാത്രമാകയാലും ആരോപണത്തിൽ കഴമ്പ് ഉണ്ടായാലും ഇല്ലെങ്കിലും വിചാരണ ചെയ്യേണ്ടതു് സുന്നഹദോസിന്റെ ചുമതല ആകയാലും അതു വിചാരണയ്ക്കു എടുക്കുന്നതിനെപ്പററി ആലോചിക്കുന്നതിനു 4-3-74-ൽ സുന്നഹദോസ് ചേർന്നു വിചാരണ നടത്തണമെന്നു തീരുമാനം എടുത്തു. ഭരണഘടന 118-ാം വകുപ്പനുസരിച്ച് പാത്രിയർക്കീസിനെ അദ്ധ്യക്ഷനായി ക്ഷണിക്കണമോ എന്ന വിഷയം ചർച്ച ചെയ്തു. ഈ കേസ്സിൽ അദ്ദേഹം പരാതിക്കാരനാകയാൽ, പാത്രിയർക്കീസിനെ അദ്ധ്യക്ഷനായി ക്ഷണിക്കേണ്ടാ എന്നു തീരുമാനിച്ചു. കാതോലിക്കാ ആരോപണം നിഷേധിച്ചു നൽകിയ മറുപടിയുടെ പകർപ്പ് പാത്രിയർക്കീസിനു അയയ്ക്കുവാനും, അദ്ദേഹം ആരോപണം തെളിയിക്കുന്നതിനു ചുമതലപ്പെട്ടവനാകയാൽ അതിനുള്ള തെളിവ് നൽകി സുന്നഹദോസിനോടു സഹകരിച്ചു പ്രവർത്തിക്കുവാനും അപേക്ഷിച്ചുകൊണ്ടുള്ള നോട്ടീസ് അയയ്ക്കുവാൻ സുന്നഹദോസ് തീരുമാനിച്ചു. അതനുസരിച്ച് യാക്കൂബ് തൃതീയനു 5-3-74-ൽ നിയമാനുസരണം നോട്ടീസ് അയച്ചു. അതോടൊ

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



താമസിച്ചതിനു ക്ഷമാപണം—ഒരു വിശ്വാസി, കവേററ്.



# പ. സുന്നഹദോസിന്റെ ചില സുപ്രധാന തീരുമാനങ്ങൾ

## ഗീവർഗീസ് മാർ ഒസ്താത്യോസ് മെത്രാപ്പോലീത്താ

അടുത്തകാലത്തായി പ. സുന്നഹദോസ് എടുത്തിട്ടുള്ള തീരുമാനങ്ങളിൽ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടവ എല്ലാം ചേർത്ത് ഒരു ചെറുപുസ്തകം തയ്യാറാക്കുന്നതു് പ. സുന്നഹദോസിന്റെ ആഫീസിൽനിന്നും ഔദ്യോഗികമായി അച്ചടിപ്പിച്ചു വൈദികർക്കു് അയച്ചുകൊടുക്കുന്നതാണ്. ഈ ഫെബ്രുവരി 20 മുതൽ 24 വരെ നടന്ന പ. സുന്നഹദോസുയോഗങ്ങളിലെ ചില തീരുമാനങ്ങളിൽ വൈദികരുടെയും ജനങ്ങളുടെയും സത്വരശ്രദ്ധ പതിയേണ്ടവയാകയാൽ അവയെക്കുറിച്ചു അനൗദ്യോഗികമായ ഒരു ചർച്ച മലങ്കരസഭാവായനക്കാരുടെ മുമ്പിൽ സമർപ്പിക്കുകയാണ്.

### 1. സഭാംഗങ്ങളുടെ വി. കുർബാനാനുഭവം

നമ്മുടെ സഭയുടെ വി. കർബ്ബാനയെക്കുറിച്ചു ബഹുമാനമില്ലാത്തവർ തുലോം ചുരുക്കം. അമേരിക്കയിൽ നമ്മുടെ ഒരു മൂന്നിന്മേൽ കർബാന ടെലവിഷൻവഴി ജനങ്ങൾ കണ്ടതായും എന്നാൽ അനുഭവിച്ചവരാരും ഇല്ലാതിരുന്നതിനെക്കുറിച്ചും കാഴ്ചക്കാർ അതിശയിക്കുകയും അതു പത്രക്കാർ പ്രത്യേകം എടുത്തുപറകയും ചെയ്തതായും അറിവാനിടയായി. എല്ലാവരും വി. കർബാന അനുഭവിച്ചിരുന്നകാലം നമ്മുടെ സഭയിൽ വീണ്ടും വരുമോ എന്നറിയില്ല. ഏതായാലും കൂടുതൽ ആളുകൾ വി. കർബാന അനുഭവിക്കുവാൻ സഹായമായ ഒരു നല്ല തീരുമാനം പ. സുന്നഹദോസ് എടുത്തിട്ടുണ്ട്. ആണ്ടുകമ്പസാരം നടത്തി വി. കർബാന അനുഭവിക്കുക എന്നതു് ഏവർക്കും നിർബന്ധമാണ്. മററവസരങ്ങളിൽ എല്ലായ്പോഴും കുമ്പസാരിക്കണമെന്നു നിർബന്ധം ഇല്ല. കുററബോധമുള്ളവർ നിശ്ചയമായും കുമ്പസാരിച്ചിട്ടുവേണം വി. കർബാന അനുഭവിക്കുവാൻ. അല്ലാത്തവർ ഉപവാസത്തോടും, മൗദ്യോന്തോ പ്രാർത്ഥനയും 51-ാം മസമൂറും ചൊല്ലിയശേഷം ഒരുക്കത്തോടുകൂടിവന്നു് ഹൂസോയോ പ്രാപിച്ചു വി. കർബാന അനുഭവിക്കാം. പട്ടക്കാർ പരസ്യമായി വി. കർബാന ആരംഭിക്കുംമുമ്പു് അങ്ങനെ ഒരുങ്ങിവന്നവരെ മുമ്പോട്ടു വിളിച്ചു് അവർക്കു് ഹൂസോയോ കൊടുത്തിരിക്കണം. ഈ പുതിയ ക്രമീകരണത്തിന്റെ നടത്തിപ്പിനു നമ്മുടെ പട്ടക്കാരുടെ ആത്മാർത്ഥ സഹകരണം അത്യന്താപേക്ഷിതമത്രെ. ഇതിനാൽ കുമ്പസാരം കുറയുമെന്നു ഭയപ്പെടേണ്ടയാവശ്യമില്ല. കുററബോധമുള്ളവർ കുമ്പസാരിക്കേണ്ടതു് എപ്പോഴും ആവശ്യമാണെന്നു പട്ടക്കാർ പഠിപ്പിക്കയും അതിനു ശനിയാഴ്ച വൈകിട്ടോ ഞായറാഴ്ച അതിരാവിലെയോ സന്ദർഭം ഉണ്ടാക്കികൊടുക്കുകയും വേണം. ഈ പുതിയ തീരുമാനം കൂടുതൽ ആളുകളെ വി. കർബാനാനുഭവത്തിലേക്കു നയിക്കുമെങ്കിൽ അതു് ഒരു ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെതന്നെ ആരംഭമാകും. വി. കർബാന കണ്ടാൽമതി എന്ന ചിന്ത ജനങ്ങളിൽനിന്നകററി അനുഭവിക്കേണ്ടതാണെന്ന താല്പര്യം വരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുകയാണല്ലൊ. ഉപവാസ

പ്പം ആരോപണത്തിൽ പറഞ്ഞ പോയിന്റുകളായ മാർത്തോമ്മാ സിംഹാസനം, പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും സ്ഥാനപദവിയുടെ തുല്യത മുതലായി വേദപുസ്തകപരവും, വേദശാസ്ത്രപരവും, കാനോനികവുമായ കാര്യങ്ങളെക്കുറിച്ചു പഠിച്ചു റിപ്പോർട്ടു ചെയ്വാൽ, കോനാട്ട് ഏബ്രഹാം മല്പാൻ, തിയോളജിക്കൽ കോളജ് പ്രിൻസിപ്പൽ റവ. ഫാ. പോൾ വറുഗീസ്, ടി കോളജ് പ്രൊഫസ്സർ റവ. ഡോ. കെ സി. തോമസ് എന്നിവരടങ്ങുന്ന ഒരു വിദഗ്ധ കമ്മററിയെയും നിയമിച്ചു. ഈ കമ്മററിയുടെ റിപ്പോർട്ട് യഥാവസരം കിട്ടി. അതിൽ എല്ലാ ശ്ലീഹന്മാർക്കും സിംഹാസനം വേദപുസ്തകപ്രകാരം ഉണ്ടെന്നും പാത്രിയർക്കേററ് രൂപം കൊണ്ടതായി അവകാശപ്പെടുന്ന നിഖ്യാ സുന്നഹദോസിൽതന്നെയാണു് കാതോലിക്കേററിനേയും അംഗീകരിക്കുന്നതെന്നും, ഓരോരുത്തരും അതാതു സഭകളുടെ തലവന്മാരാണെന്നും, പദവികൾ തുല്യമാണെന്നുംമററും റിപ്പോർട്ടു ചെയ്യപ്പെട്ടു. കൂടാതെ പാത്രിയർക്കീസ് അവകാശപ്പെടുന്ന രീതിയിൽ ഒരു 'ആകമാന സുറിയാനി സഭ'യെ സംബന്ധിച്ച് കാനോനുകളിലോ ചരിത്രത്തിലോ വിവക്ഷയില്ലെന്നും, പാത്രിയർക്കീസിന്റെ സ്ഥാനനാമം (Title Description) തന്നെ അന്ത്യോഖ്യായുടെ പാത്രിയർക്കീസ് Patriach of Anticch എന്നല്ലാതെ 'ആകമാനത്തെ'പ്പററി എങ്ങും വിവക്ഷയില്ലെന്നും വിശദീകരിച്ചിരുന്നു. (തുടരും)

—॰—

ത്തോടും ഒരുക്കത്തോടും പാപക്ഷമാപ്രാർത്ഥന വ്യക്തിപരമായി പട്ടക്കാരനിൽനിന്നു പ്രാപിച്ചുവേണം വി. കർബാന അനുഭവിക്കേണ്ടതെന്ന പ്രമാണം ഇപ്പോഴും നിലനില്ക്കുന്നു. ഇതിൻെറ പ്രയോജനം സഭാംഗങ്ങൾക്കെല്ലാം ലഭിച്ചെങ്കിൽ നന്നായിരുന്നു.

## 2. 12–ാം വയസ്സിലെ കുമ്പസാരവും വി. കുർബ്ബാനാനുഭവവും

നമ്മുടെ സഭയിൽ മാമോദീസായും, സ്ഥിരീകരണവും, വി. കർബാനയും ഒരേ സമയത്തുകൊടുത്തു് പൈതങ്ങളെ സഭയുടെ പൂർണ്ണ അംഗത്വത്തിലേക്കു പ്രവേശിപ്പിക്കുന്നു. എല്ലാ ഓർത്തഡോക്സ് സഭകളും ഇതാണു ചെയ്യുന്നതു്. കുറെ പ്രായമായ ശേഷം ആദ്യകർബാന സ്ഥിരീകരണത്തോടുകൂടി നടത്തുന്ന പാശ്ചാത്യസഭകളിലെ പല ദൈവശാസ്ത്രജ്ഞന്മാരും നമ്മുടെ പതിവാണു പുരാതനമെന്നും ശരിയെന്നും സമ്മതിക്കുന്നുണ്ടു്. ഭാഗികമായ അംഗത്വം ശരിയല്ലല്ലൊ. എന്നാൽ സഭാംഗത്വത്തിൻെറ ഉത്തരവാദിത്വത്തെക്കുറിച്ചു കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ ഒരു പ്രത്യേക സമയം ഓർത്തഡോക്സ് സഭാംഗങ്ങൾക്കു ലഭിക്കാത്തതു് ഒരു കുറവു തന്നെയാണു്. ഈ കുറവു പരിഹരിക്കുവാൻ പ. സുന്നഹദോസു ചെയ്തിരിക്കുന്ന തീരുമാനം ഏററം ശ്ലാഘനീയമായിത്തോന്നുന്നു. എല്ലാ പെസഹായ്ക്കും മററവസരങ്ങളിലും കുഞ്ഞുങ്ങൾ കർബാന അനുഭവിക്കണം. എന്നാൽ 12–ാമത്തെ വയസ്സിലെ ഒരു കർബാനാനുഭവം അതാതിടവകയിൽ ഓരോ വർഷവും 12 വയസ്സു തികയുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ഒരേ ദിവസംതന്നെ ആയിരിക്കണം. നമ്മുടെ കർത്താവു 12–ാമത്തെ വയസ്സിൽ ദേവാലയത്തിൽപോയി 'ഞാൻ എൻെറ പിതാവിനുള്ളവയിൽ ഇരിക്കേണ്ടതാണു്' എന്നു പറഞ്ഞതുപോലെ സഭയ്ക്കും കർത്താവിനുംവേണ്ടി ഓരോ കുട്ടിയും ആ പ്രായത്തിൽ ഒരു പ്രതിജ്ഞ ചെയ്യുവാൻ പട്ടക്കാരൻ പഠിപ്പിക്കുകയും ഒരുക്കുകയും ആഹ്വാനം ചെയ്യുകയും ഒടുവിലായി കുമ്പസാരിപ്പിച്ചു വി. കർബാന കൊടുക്കുകയും വേണം. തലതൊട്ടപ്പനും അമ്മയും അവരുടെ കടമകളും കുഞ്ഞുങ്ങളുടെ ഈ പ്രായത്തിനുമുമ്പു പ്രത്യേകം നിർവഹിക്കുന്നതു നന്നു്. സഭാസേവനത്തിനുതന്നെ പലരേയും ആകർഷിപ്പാൻ ഈ പരിപാടി ഒരു ഉപാധിയാക്കാം. ഈ ലേഖകൻെറ 'ദൈവവിളി' എന്ന പുതിയ ഗ്രന്ഥം 12 വയസ്സുള്ള കുഞ്ഞുങ്ങൾക്കുപോലും മനസ്സിലാക്കാവുന്നവിധത്തിൽ ലളിതമാകയാൽ അവരെക്കൊണ്ടും വായിപ്പിക്കുന്നതുകൊള്ളാം. പ. സുന്നഹദോസിൻെറ ഈ തീരുമാനം ദൂരവ്യാപകമായ പ്രയോജനം ചെയ്യുമെന്നതിനു തർക്കമില്ല.

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു്



താമസിച്ചതിനു ക്ഷമാപണം—ഒരു വിശ്വാസി, കുവേററു്.



## 3. ശിശുവർഷവും മൂന്നു് ബാലഭവനങ്ങളും

അന്തർദേശീയശിശുവർഷമായി 1979–ം, വികലാംഗശിശുവർഷമായി 1981–ം യുണൈറ്റഡ് നേഷൻസു പ്രഖ്യാപിച്ചിരിക്കുകയാണല്ലൊ. ഇതു രണ്ടുംകൂടി ഒരുമിച്ചു് നമ്മുടെ സഭ ആചരിക്കുകയും അതിൻെറ ഉത്ഘാടനം ജൂലൈ 8–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും നടത്തുന്ന മിഷ്യൻ സൺഡേ കവർപിരിവോടുകൂടി നടത്തുകയും ആണു്. ആസ്ഥാപിരിവു 7 ലക്ഷം പ്രതീക്ഷിച്ചതു് അഞ്ചര ലക്ഷമേ ഇതിനോടകം ലഭിച്ചുള്ളു എങ്കിലും 6 ലക്ഷത്തിലധികം ആകാൻ സാദ്ധ്യതയുണ്ടു്. പല പള്ളികളും ഇതിനോടകം പിരിവുകൾ അയച്ചുതരാനുണ്ടു്. ശിശുക്കൾക്കുവേണ്ടിയുള്ള പിരിവു 8 ലക്ഷം രൂപായായിരിക്കണം. അതിൻെറ ഉപയോഗം 3 ഭവനങ്ങൾ പണിയുവാൻ മാത്രമല്ല കഴിവുള്ളിടത്തോളം ദരിദ്ര,വികലാംഗശിശുക്കളെ ഉദ്ധരിക്കുന്നതിനും ഉതകണം. ബാലഭവനങ്ങൾ പണിയുമ്പോൾ സ്വന്ത കുഞ്ഞുങ്ങളുടെ നാമത്തിൽ ഓരോ മുറി പണിതുകൊടുക്കുവാൻ കഴിവും മനസ്സുമുള്ള ഓരോരുത്തരും 5000 രൂപാവീതം അയച്ചുതരണം. ബലഹീനനായ എന്നെ ഈ പിരിവിൻെറയും ചുമതല പ. സുന്നഹദോസ് ഏല്പിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഇതിൻെറ വലിപ്പവും ആവശ്യവും അറിഞ്ഞു് അഭിവന്ദ്യന്മാരായ തേവോദോസ്യോസ്, ദീയസ്ക്കോറോസ് മെത്രാപ്പോലീത്തന്മാരെയുംകൂടിയാണ് ഈ ചുമതല ഏല്പിച്ചിരിക്കുന്നതു്. ആസ്ഥായുടെ കാര്യത്തിൽ പ്രവർത്തിക്കുന്ന കമ്മററി ഇക്കാര്യത്തിലും സഹായിക്കുവാൻ തയ്യാറാണു്. മസ്ലലിപ്പട്ടണത്തിനടുത്തുള്ള ചിന്നപ്പെം ഗഫാലത്തു് 6000 രൂപാ വീതം ചെലവുവരുന്നതും RCC roof ഉള്ളതുമായ 38 വീടും 25000 രൂപയുടെ കമ്മ്യൂണിററി ഹാളും രണ്ടു മാസത്തിനകം പൂർത്തിയാകും. ഗ്രാമത്തിനു കൊണ്ടു് പാപനാശന ഗ്രാമമാണു് പുനരുദ്ധരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതു്. ആന്ധ്രായിൽ നമ്മുടെ സേവനം തുടർന്നും കൊടുക്കേണ്ടതായുണ്ടു്. മൂന്നു ബാലഭവനങ്ങൾ പണിയുവാനുദ്ദേശിക്കുന്നതിൽ ഒന്നു മദ്ധ്യതിരുവിതാംകൂറിലും ഒന്നു തിരുവനന്തപുരം ഭദ്രാസനത്തിലും ഒന്നു ഭിലായിയിലും ആയിരിക്കും. മദ്ധ്യതിരുവിതാംകൂറിലുള്ള നമ്മുടെ നാലു ഭദ്രാസനങ്ങളിൽ ഒന്നിൽപോലും ഒരു ബാലഭവനം ഇല്ല എന്ന ദുഃഖസത്യം നാം ഗ്രഹിച്ചു് അതിനൊരു പരിഹാരമുണ്ടാക്കണം. ഓരോ ഭദ്രാസനത്തിലും ഓരോ ബാല (ബാലികാ) ഭവനമെങ്കിലും ഉണ്ടാകേണ്ട കാലം വൈകിയിരിക്കയാണു്. റോമൻകത്തോലിക്കാസഭയ്ക്കു് 300 ബാലഭവനങ്ങൾ കേരളത്തിൽ ഉള്ളപ്പോൾ നമുക്കു നാലു മാത്രമാണു് ഉള്ളതു്. അവയിൽ രണ്ടു മലബാറിലും ഒന്നു കൊച്ചിയിലും ഒന്നു തിരുവാംകോടും ആണു്. അവനവനു ദൈവം തന്ന കുഞ്ഞുങ്ങൾക്കായി കരുതുന്ന ചില നല്ല മാതാപിതാക്കന്മാരെങ്കിലും ഒരു destitute child–നുവേണ്ടിയെങ്കിലും എല്ലാ സഹായവും ഏറെറടുക്കാൻ മുമ്പോട്ടുവരുമെന്നു പ്രതീക്ഷിക്കുന്നു.

## 4. മിഷ്യൻ പരിശീലനകേന്ദ്രം

പ. സുന്നഹദോസിൻെറ വകയായി മാവേലിക്കരയിൽ 79 ആഗസ്ററു് 15–ാം തീയതി ആരംഭിക്കുന്ന ദ്വിവർഷകോർസിനെക്കുറിച്ചും പ. സുന്നഹദോസ് തീരുമാനമെടുത്തിട്ടുണ്ടു്. സഭയുടെ മിഷ്യൻബോർഡ് അതു സംബന്ധിച്ചുള്ള വിശദകാര്യങ്ങൾ ക്രമീകരിക്കും. ഏതാണ്ടു് 4 ലക്ഷം രൂപാ ചെലവാക്കി മൂന്നുനില കെട്ടിടവും ഫർണിച്ചറും, ലൈബ്രറിയും അവിടെ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. വൈദികസെമിനാരിയിലെ അദ്ധ്യാപകരിൽ ചിലർ അവിടെ Part–time പഠിപ്പിക്കും. ഫാദർ മാത്യൂസ് എം. ദാനിയേൽ, ഫാദർ എം. ജി. പോൾ എന്നിവർ അവിടെ സ്ഥിരം ചുമതലക്കാരായി താമസിച്ചു ക്ലാസ്സുകൾ എടുക്കുകയും മററും ചെയ്യും. കൂടുതൽ അദ്ധ്യാപകരെ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ടു്. പ്രീ പാസ്സായ വിദ്യാർത്ഥികളെയവിടേക്കു് അയയ്ക്കുവാൻ ചുമതലപ്പെട്ടവർ ശ്രമിക്കണം. S.S.L.C. പാസ്സായ പരിചയസമ്പന്നരായ ചിലരേയും ആദ്യത്തെ വർഷം പ്രവേശിപ്പിക്കും. ദയറാജീവിതം ആഗ്രഹിക്കുന്നവർക്കാണു മുൻഗണന. ഭാരതത്തിൻെറ ഏതു ഭാഗത്തു് അയച്ചാലും പോയി മിഷ്യൻപ്രവർത്തനം നടത്തുവാൻ തയ്യാറുള്ളവരാണു് അപേക്ഷിക്കേണ്ടതു്.

## 5. വടക്കു് കാതോലിക്കേററു സെൻററുകൾ പണിയണം

തന്നാണ്ടത്തെ കാതോലിക്കാദിനപ്പിരിവിൻെറയും ആറിൽ ഒരു ഭാഗം മെത്രാപ്പോലീത്തന്മാർക്കുള്ളതാണെങ്കിലും അവർ ഏവരും അതു കാതോലിക്കേററു സെൻററുകൾ പണിക്കായി മുഴുവനായി സംഭാവന ചെയ്യാമെന്നു തീരുമാനിച്ചിരിക്കുക

# പതറാത്ത വിശ്വാസം

(ശൂനേംകാരിയുടെ അടിപതറാത്ത ദൈവവിശ്വാസത്തിന്റെകഥ)

ആച്ചിയമ്മ വർഗീസ്

അവരു ഒരു ധനികയായ സ്ത്രീ ആയിരുന്നു. ശൂനേംകാരി എന്നല്ലാതെ അവളുടെ സാക്ഷാൽ പേരെന്തെന്നു വേദപുസ്തകത്തിൽ കാണുന്നില്ല. എന്നാലും അവൾ വിവേകിയും ദൈവഭയമുള്ളവളും ബുദ്ധിശാലിനിയും ആയിരുന്നു.

ഏലീശാ ഒരു ദൈവമനുഷ്യനാണെന്നു അവൾ മനസ്സിലാക്കി. അദ്ദേഹം പലപ്പോഴും ആ വഴിയെ നടന്നുപോകുന്നതു് അവൾ ശ്രദ്ധിച്ചു. ഒരിക്കൽ അദ്ദേഹത്തെ സ്നേഹപൂർവ്വം അവൾ സല്ക്കരിച്ചു. അദ്ദേഹത്തിനു് വിശ്രമിപ്പാൻ ഒരു മുറിയും അതിൽ ആവശ്യംവേണ്ട ഉപകരണങ്ങളും ഉണ്ടാക്കുവാൻ ഭർത്താവിനെ സമ്മതിപ്പിച്ചു.

ഒരു ദിവസം ഏലീശാ ആ മുറിയിൽ കിടന്നു വിശ്രമിക്കയായിരുന്നു. അദ്ദേഹം അവരുടെ നിർമ്മലസ്നേഹം മനസ്സിലാക്കി. അവർക്കു് എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അതു സാധിച്ചുകൊടുക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. തന്റെ ബാല്യക്കാരനായ ഗേഹസിയെക്കൊണ്ടു ശൂനേംകാരിയെ വിളിപ്പിച്ചു. രാജാവിനോടോ ഉന്നതന്മാരിൽ ആരോടെങ്കിലുമോ അവൾക്കുവേണ്ടി വല്ല അപേക്ഷയും സമർപ്പിക്കണമോ എന്നു ചോദിച്ചു. എന്നാൽ അവൾ യാതൊന്നും ആവശ്യപ്പെടുന്നില്ല. ശൂനേംകാരി ഒരു ദുരാഗ്രഹി അല്ലായിരുന്നു എന്നു ഇതിൽനിന്നും തെളിയുന്നു.

അവൾക്കു് മക്കളില്ലെന്നും അവളുടെ ഭർത്താവു വൃദ്ധനാണെന്നും ഗേഹസി വിശുദ്ധനെ ഓർമ്മിപ്പിച്ചു. അടുത്തവർഷം ഈ സമയമാകുമ്പോഴേക്കു് ദൈവം നിനക്കൊരു മകനെ നല്കുമെന്നു ഏലീശാ പറഞ്ഞു. വിശുദ്ധൻ പറഞ്ഞതുപോലെ പിറേറവർഷം ആ സമയമായപ്പോഴേക്കു് അവൾ ഒരു മകനെ പ്രസവിച്ചു. പൈതൽ വളർന്നു. ഒരു ദിവസം അവൻ കൃഷിസ്ഥലത്തായിരുന്ന തന്റെ അപ്പന്റെ അടുക്കലേക്കു് പോയി. അല്പം കഴിഞ്ഞപ്പോൾ ആ ബാലനു് തലയ്ക്കു് ഒരു വേദനപോലെ തോന്നി. അപ്പാ, എന്റെ തല, എന്റെ തല, എന്നു പറഞ്ഞു അവൻ കരയാൻ തുടങ്ങി. അപ്പൻ അവനെ ഒരു വേലക്കാരന്റെ പക്കൽ ഏല്പിച്ചു് അമ്മയുടെ അടുക്കലേക്കയച്ചു. അമ്മ അവനെ മടിയിൽകിടത്തി തലോടിക്കൊണ്ടിരുന്നു. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ അവൻ അമ്മയുടെ മടിയിൽ കിടന്നുതന്നെ

ഉദ്ദിഷ്ടകാര്യ സാദ്ധ്യത്തിനു്



ലൈജി വർഗീസ്.



വർഗീസ്, തിരുവല്ല.





വി. സി. ജോൺ.

യാണു്. ചില മെത്രാപ്പോലീത്തന്മാരെ സംബന്ധിച്ചു് ഇതു വലിയോരു ത്യാഗമാണു്. എന്നാൽ വടക്കു കാതോലിക്കേററിനോടു കൂറുള്ള നമ്മുടെ ആളുകളുടെ ബുദ്ധിമുട്ടു തീർക്കുവാൻ ഇതു് അത്യന്താപേക്ഷിതമാണല്ലോ. സഭാംഗങ്ങളുടെയും സംഭാവന ഇക്കാര്യത്തിനു് ദേവലോകത്തേക്കു് അയയ്ക്കുമെന്നു പ്രതീക്ഷിക്കുന്നു. വളരെ പ്രാധാന്യമർഹിക്കുന്ന ഇക്കാര്യവും പ. സുന്നഹദോസിന്റെ പരിഗണനയിൽ പെടുകയുണ്ടായി.

—o—



മരിച്ചുപോയി. അവൾ കരയുകയോ, വിലപിക്കയോ ഭർത്താവിനെപോലും അറിയിക്കയോ ചെയ്തില്ല.

മകനെ എടുത്തു ഏലീശായുടെ മുറിയിൽ അദ്ദേഹത്തിന്റെ കിടക്കയിൽ കിടത്തി വാതിൽ അടച്ചു പുറത്തിറങ്ങി ഭർത്താവിന്റെ അടുത്തുചെന്നു് എനിക്കു് ദൈവമനുഷ്യന്റെ അടുത്തുപോകുവാൻ ഒരു കഴുതയേയും ബാല്യക്കാരനേയും അയച്ചുതരണമേ എന്നു പറഞ്ഞു. ഇന്നു വിശേഷദിവസമൊന്നുമല്ലല്ലോ എന്തിനാണു് പോകുന്നതു് എന്നു ഭർത്താവു പറഞ്ഞെങ്കിലും പെട്ടെന്നു അവൾ പറഞ്ഞതുപോലെ ചെയ്തുകൊടുത്തു. ഉടൻതന്നെ അവൾ കഴുതപ്പുറത്തു കയറി ഏലീശായുടെ അടുക്കലേക്കു് യാത്രയായി. ഏലീശാ അവൾ ദൂരത്തുനിന്നു വരുന്നതു് കണ്ടു ഉടനെ അവളുടെ സുഖവിവരം അന്വേഷിപ്പാൻ ബാല്യക്കാരനെ അയച്ചു. അവന്റെ സ്നേഹാന്വേഷണത്തിനു അവൾ സുഖം എന്നല്ലാതെ മറെറാന്നും പറഞ്ഞില്ല.

വിശുദ്ധന്റെ അടുക്കൽ എത്തിയ ഉടനെ അദ്ദേഹത്തിന്റെ കാല്ക്കൽ വീണു കരഞ്ഞുകൊണ്ടു് യജമാനനെ ഞാൻ ഒരു മകനെ ചോദിച്ചില്ലല്ലോ. എന്നെ ചതിക്കരുതേ എന്നു ഞാൻ പറഞ്ഞില്ലയോ എന്നു പറയുന്നു. അപ്പോൾ ഏലീശായിക്കു കാര്യം മനസ്സിലായി. ഗേഹസിയെ തന്റെ വടി ഏല്പിച്ചിട്ടു് നീ വഴിക്കു് തങ്ങാതെയും ആരോടും ഒന്നും സംസാരിക്കാതെയും വേഗംപോയി ഈ വടി ബാലന്റെ മുഖത്തു വയ്ക്കുക എന്നു പറഞ്ഞു് അവനെ അയച്ചു. എന്നാൽ അവൾ അതുകൊണ്ടു സമ്മതിക്കാതെ വിശുദ്ധനെ നിർബ്ബന്ധിക്കയാൽ അദ്ദേഹം അവളോടുകൂടിപോയി. ഗേഹസി അവർക്കു മുൻപായിപോയി. വിശുദ്ധന്റെ വടി ബാലന്റെ മുഖത്തു വച്ചെങ്കിലും അവൻ ഉണർന്നില്ല.

ഏലീശാ അകത്തുവന്നു തന്റെ കട്ടിലിൽ ബാലൻ മരിച്ചുകിടക്കുന്നതായി കണ്ടു. വാതിൽ അടച്ചതിന്റെശേഷം ദൈവത്തോടു പ്രാർത്ഥിച്ചു. ബാലന്റെമേൽ കവിണ്ണുകിടന്നു തന്റെ വായ് അവന്റെ വായ്മേലും തന്റെ കണ്ണു് അവന്റെ കണ്ണിലും തന്റെ ഉള്ളംകൈകൾ അവന്റെ ഉള്ളംകൈകളിലും വച്ചപ്പോൾ അവന്റെ ദേഹത്തിനു ചൂടുപിടിച്ചു. ങ്ങിനെ രണ്ടു പ്രാവശ്യം ചെയ്തപ്പോൾ ബാലൻ ഏഴു പ്രാവശ്യം തുമ്മി കണ്ണു തുറന്നു. അപ്പോൾ വിശുദ്ധൻ കതകു തുറന്നു അമ്മയെ വിളിപ്പിച്ചു. അവൾ അടുത്തുചെന്നു അദ്ദേഹത്തിന്റെ കാല്ക്കൽവീണു നമസ്ക്കരിച്ചു. അങ്ങിനെ ഏലീശാ ബാലനെ ജീവനുള്ളവനായി അമ്മയേല്പിച്ചുകൊടുത്തു. ഇതല്ലയോ പതറാത്ത വിശ്വാസം.

നിങ്ങൾക്കു് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു നീങ്ങിപ്പോക എന്നു പറഞ്ഞാൽ നീങ്ങിപ്പോകും എന്നു് കർത്താവു പറഞ്ഞതു് എത്രയോ സത്യമെന്നു് ശൂനേംകാരി നമ്മെ പഠിപ്പിക്കുന്നു. ഈ പുതിയനിയമകാലത്തു് നാം ഒക്കെയും ശൂനേംകാരത്തി സ്ത്രീയെ വിശ്വാസത്തിൽ അനുകരിപ്പാനും അവളിൽ കണ്ടപ്രകാരമുള്ള വിവേകവും, ദൈവഭയവും കാണിക്കുവാനും ഇടയായെങ്കിൽ എത്ര നന്നായിരുന്നു.

—o—

**VISHUDTHA QURBANA KRAMAM**
**(HOLY COMMUNION SERVICE)**

Holy Communion Service in Malayalam with English letters and English translations dedicated to the growing English using generation of our Church. For copies and more information contact:

**Rev. Fr. Thomas P. Mundukuzhy**
**St. Thomas Orthodox Center**
**271 Kirk Avenue**
**Syracuse, New york 13205**

Phone: (315)-478-6238

# എം. ജി. എം. സെൻറർ, ഡിഗ്ഗി (പൂനാ)

''താബോറിലെ താപസവര്യൻ'' എന്നറിയപ്പെടുന്ന പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ പാവനസ്മരണയ്ക്കായി പൂനായിൽ ഡിഗ്ഗി എന്ന സ്ഥലത്ത് പൂനാ സെൻറ്മേരീസ് പള്ളിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന ഒരു പ്രസ്ഥാനമാണ് ഡിഗ്ഗി എം. ജി. എം. സെൻറർ.

1951–ാമാണ്ട് മുതലാണ് പൂനായിൽ നമ്മുടെ വി: ആരാധനകളും മററും ആരംഭിച്ചത്. എന്നാൽ ആരാധനയ്ക്കായും, മററും നമ്മുടെ സഭവകയായി ഒരു സ്ഥാപനം സ്വന്തമായി ഉണ്ടാക്കുവാൻ ഇതുവരെയും സാധിച്ചിട്ടില്ല. ഇപ്പോൾ പൂനായിൽ നമ്മുടെ ആത്മീയാവശ്യങ്ങൾ നടത്തുന്നത് ചർച്ച്ഓഫ് നോർത്തിൻഡ്യാക്കാരുടേതായ പള്ളിയിൽവച്ചാണ്. ഈ പള്ളി ഇതര ക്രിസ്തീയ വിഭാഗക്കാരും ഉപയോഗിച്ചുവരുന്നതാകയാൽ, നമുക്കു ലഭിച്ചിരിക്കുന്ന സമയം സൗകര്യപ്രദമായിട്ടുള്ളതല്ല. മിക്ക ഞായറാഴ്ചകളിലും പ്രഭാതനമസ്ക്കാരവും വി: കർബാനയും പതിനൊന്നരമണിക്കാരംഭിച്ച് ഉച്ചയ്ക്കുശേഷം രണ്ടുമണിയോടുകൂടിയാണ് അവസാനിക്കുന്നത്. കൂടാതെ സൺഡേസ്കൂൾ മുതലായവ നടത്തുന്നതിനും ബുദ്ധിമുട്ടുണ്ട്. വി. ആരാധനകൾ അസമയത്താകുന്നതുകൊണ്ടും, ദൂരം, ഗതാഗത സൗകര്യക്കുറവ് ഇവകൾകൊണ്ടും സഭാംഗങ്ങൾക്ക് മൊത്തമായും, ഡിഗ്ഗിയിലെ അംഗങ്ങൾക്ക് പ്രത്യേകിച്ചും വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ഈ പരിത:സ്ഥിതിയിൽ ഡിഗ്ഗിയിലുള്ള ഇരുപതോളം അംഗങ്ങളുടെ ആഗ്രഹത്തിൻെറയും പ്രാർത്ഥനയുടെയും ഫലമായും ഞങ്ങളുടെ വികാരിബഹു: പി.ജെ. ജെയിംസ് അച്ചൻെറ പ്രേരണയാലും ഒരു ഓർത്തഡോക്സ് സെൻറർ ആരംഭിക്കണമെന്നു തീരുമാനിക്കുകയും ആയതിലേക്കായി 1978 മാർച്ച മാസം 5–ാംതീയതി ധനശേഖരണം ആരംഭിക്കുകയും ചെയ്തു. പൂനാ വിമാനത്താവളത്തിനടുത്ത് ഡിഗ്ഗിയിൽ സൗകര്യപ്രദമായ 10 സെൻേറാളം സ്ഥലം വാങ്ങുന്നതിനു് ഇതിനകം സാധിച്ചു. അഭിവന്ദ്യ തിരുമേനിമാരുടെയും, ബഹു: പട്ടക്കാരുടെയും അഭ്യുദയകാംക്ഷികളായ സഭാംഗങ്ങളുടെയും പ്രാർത്ഥനയാലും സംഭാവനകൾ കൊണ്ടുംകൂടെയാണ് വസ്തു വാങ്ങുവാൻ സാധിച്ചത്.

ഡിഗ്ഗിയിൽ നടന്നുവരുന്ന പ്രാർത്ഥനായോഗം മിക്ക വീടുകളിലും സ്ഥലസൗകര്യം പരിമിതമായതുകൊണ്ടു വളരെയധികം ബുദ്ധിമുട്ടായാണ് നടത്തിവരുന്നത്. അതുപോലെതന്നെ സൺഡേസ്കൂൾ നടത്തുന്നതിനും സ്ഥലസൗകര്യം ഇല്ലാതെ വരുന്നു. എം.ജി.എം. സെൻറർ പൂർത്തിയാകുന്നതോടുകൂടി ഡിഗ്ഗിയിലുള്ള സഭാംഗങ്ങളുടെ ആത്മീയാവശ്യങ്ങൾക്ക് എല്ലാവിധമായ സൗകര്യങ്ങളും ലഭിക്കുന്നതിനു് ഇടയാകുന്നതാണ്.

ഈ സെൻററിൻെറ പൂർത്തീകരണത്തിന് ഏകദേശം അരലക്ഷം രൂപാകൂടെ ആവശ്യമായിവരും. ഈ തുക ഡിഗ്ഗിയിലെ അംഗങ്ങളുടെ കഴിവിനു് അതീതമാകയാൽ എല്ലാവരുടെയും സഹായസഹകരണം നിർലോഭം ലഭ്യമാകുന്നതിലേക്ക് ഇടവകമെത്രാപ്പോലീത്താ അഭിവന്ദ്യ ഫീലിപ്പോസ് മാർ തേയോഫീലോസ് തിരുമനസ്സുകൊണ്ട് കല്പന നല്കിയിട്ടുമുണ്ട്. സെൻററിൻെറ പൂർത്തീകരണത്തിനായി നമ്മുടെ സഭാംഗങ്ങൾ കഴിവനുസരിച്ച് സംഭാവനകൾ നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ഞങ്ങളുടെ പ്രസിഡണ്ട് ബഹു: പി. ജെ. ജെയിംസ് അച്ചനു് താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കണമെന്നും താല്പര്യപ്പെടുന്നു.

Rev. F.. P. J. James<br>
41, Nirmala Nivas<br>
828 Dastur Meher Road<br>
Poona 411 001.

സെക്രട്ടറി<br>
എം.ജി.എം. ബിൽഡിംഗ് കമ്മററി, ഡിഗ്ഗി

ഉപകാരസ്മരണയ്ക്കു്



ഒരു വിശ്വാസി, ബാംഗ്ളൂർ.



മേഴ്സി, ബോംബെ.





# ഗോവധ നിരോധനക്കാരോടൊപ്പം

തികച്ചും യാദൃശ്ചികമായി, ഹോട്ടലിൽ ഭക്ഷ
ണം കഴിച്ചു കൊണ്ടിരിക്കുമ്പോഴാണ് അവരുമായി
പരിചയപ്പെട്ടത്. വിശപ്പേറുന്ന ഉച്ചസമയത്ത് ചൂ
ടുള്ള ഭക്ഷണം ഒരു മേശയ്ക്കു ചുററും 'ശാപ്പിട്ടു'
കൊണ്ടിരിക്കുമ്പോൾ.

അപരിചിതത്വത്തിൻെറ പുകമറയ്ക്കുള്ളിൽ
നിന്നും പുറത്തു വന്നപ്പോൾ സമയത്തിനൊത്തതല്ലെ
ങ്കിലും ചൂടുള്ള സംഭാഷണത്തിനു് വിഷയമായി.

വിനോബഭാവേയുടെ ആശ്രമത്തിലെ അന്തേ
വാസികളാണ് അവർ, ഒരാൾ അദ്ദേഹത്തിൻെറ
ഏററവും അടുത്ത ആളും.

ചൂടുള്ള ചോറും കറികളും 'അകത്തിടുന്ന' കൂട്ട
ത്തിൽ ചൂടുള്ള ഗോവധപ്രശ്നം വിഴുങ്ങാനാവാത്ത
ഉരുള കണക്കേ മുന്നിൽ കിടന്നു.

മുകളിൽ പങ്ക കറങ്ങുന്നു. മുറിയിലാകെ 'സ്റ്റീ
രിയൊ സെററി'ൽനിന്നുമുള്ള പാശ്ചാത്യ സം
ഗീതം.

അപ്പോൾ, അവരുടെ കേരളസന്ദർശനോദ്ദേശം
പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കാനാണെന്ന് മന
സ്സിലായി. ആചാര്യ വിനോബഭാവേ നീട്ടിവച്ചി
രുന്ന ഉപവാസയജ്ഞം ഏതാനും ആഴ്ചകൾക്കു
ള്ളിൽ ആരംഭിക്കുവാൻ പോവുകയാണ്. അതിനു്
എല്ലാ ഗാന്ധി പീസ് ഫൗണ്ടേഷൻ, സർവോദയ
പ്രവർത്തകരുടേയും നീക്കങ്ങൾ വ്യക്തമാക്കി ഏകീ
കരിക്കുന്നതിനുള്ള പുറപ്പാടാണ് അവരുടേത്.

ഭക്ഷണത്തിൻെറാ രുചി നശിച്ചോ എന്ന് ഒരു
നിമിഷം സംശയിച്ചു.

'ഞാൻ ക്രിസ്ത്യാനിയാണ്. ഇവിടെ കേരള
ത്തിൽ വലിയ ജാതിസ്പർദ്ധയില്ലാതെ കഴിയു
കയാണ്. എന്തിനു് നിങ്ങൾ ഞങ്ങളെത്തമ്മിൽ
അടിപ്പിക്കുന്നു....' വളരെ ആത്മസംയമനം പാലി
ച്ചിട്ടും ചോദിച്ചുപോയി.

'ഗോമാതാ ഹിന്ദുക്കളുടെ പരിശുദ്ധ മൃഗമാണ്'
ഞങ്ങളുടെ വിശ്വാസവുമായി അതു ബന്ധിച്ചു കിട
ക്കുന്നു. ഒരു വൻഭൂരിപക്ഷത്തിൻെറ വിശ്വാസത്തി
നെതിരായി അതിനെ കൊല്ലുന്നതു നീതിയാണോ'
അവരിലൊരാളുടെ മറു ചോദ്യം.

'ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ക്രിസ്ത്യാ
നികളെയും വേർതിരിച്ച് ദുർബലമായ മതവികാ
രം ഇളക്കിവിട്ട് രക്തം ചൊരിയുന്നതിനുള്ള പുറപ്പാ
ട് നീതിയാണോ....' ലേഖകൻ അങ്ങനെ ചോ
ദിച്ചു.

'ഇപ്പോൾ സർവാദരണീയനായ വിനോബഭാവേ ഇങ്ങനെ മതവികാരം ഇളക്കിവിടാൻ ശ്രമിക്കുന്നതു് വളരെ ദുഃഖകരമാണ്. വിഡ്ഢിത്തമാണ് കാട്ടുന്നത് എന്ന് എനിക്കു തോന്നുന്നു.' ഒന്നും മറച്ചുവയ്ക്കാൻ പോയില്ല.

'ഗാന്ധിജിയെ വിഡ്ഢിയെന്നും വൃദ്ധനായ 'ഫക്കീർ' എന്നും പലരുംവിളിച്ചാക്ഷേപിച്ചു. ജയപ്രകാശ് നാരായണനെ എന്തെല്ലാം വിളിച്ചു. എന്നിട്ടിപ്പോൾ അവരെപ്പററി എന്താണു പറയുന്നത്. അതുപോലെ ആചാര്യയും ഒരു നല്ല കാര്യത്തിനു വേണ്ടിയാണ് പടപൊരുതുന്നത്''.

'അർദ്ധപ്പട്ടിണിക്കാരായ ഞങ്ങളുടെ ഭക്ഷണം നിഷേധിക്കുന്നതു് ഒരു നല്ല കാര്യമായി ഞങ്ങൾക്കു തോന്നുന്നില്ല. തന്നെയുമല്ല ഞങ്ങളുടെ അവകാശ

## ചാക്കച്ചേരി

ത്തെ ധ്വംസിക്കുവാൻ ഞങ്ങൾ സമ്മതിക്കുന്നില്ലെങ്കിലോ എന്താവും സ്ഥിതി രക്തംചൊരിയും....' ലേഖകൻ അല്പം ആവേശം ഉൾക്കൊണ്ടു എന്നതു സത്യം.

മൗനം....ഭക്ഷണം കഴിച്ചു.

'എന്തുതന്നെയായാലും ഭാവേയുടെ തീരുമാനമാണിതു്. ആരു നിരുപിച്ചാലും അതിനു് വിട്ടുവീഴ്ചയില്ല. ഒരു പക്ഷേ അദ്ദേഹത്തിൻെറ അന്ത്യം ഇതോടെയായിരിക്കാം.' സംഭാഷണാവസാനം സത്യം അവർ പറഞ്ഞു.

ഏകാധിപത്യ പ്രവണതകൾ ആത്മാവിൽ രൂഢമൂലമായ മനുഷ്യർ ഏറെയുള്ള ഭാരതത്തിൽ ഈ തീരുമാനം ഒരു ഏകാധിപതിയുടേതാണോ എന്നു സംശയിച്ചുപോയി. ഋഷിതുല്യനായ ഒരു പുണ്യമനുഷ്യൻെറ ഭീഷണി ഉയർത്തുന്ന കടുംപിടുത്തവും പിടിവാശിയും എവിടെച്ചെന്ന് അവസാനിക്കും എന്നു ഭയന്നു.

ആടിനും കോഴിക്കും മററു മൃഗങ്ങൾക്കൊന്നിനും ഇല്ലാത്ത പതിത്വം പശുവിനു് കല്പിക്കപ്പെടുന്നതിൽ സംശയം നിലനില്ക്കുന്നതു് പോകട്ടെ, ആയിരമായിരം ഗുരുതരപ്രശ്നങ്ങൾ അലട്ടുന്ന ഭാര




കുഞ്ഞനുജന്മാരേ... കുഞ്ഞനുജത്തിമാരേ,

മാർട്ടിൻ എന്ന ഒരു വിശുദ്ധന്റെ കഥ കുഞ്ഞിച്ചായൻ പറയാം. കുഞ്ഞിച്ചായനു വളരെയേറെ ഇഷ്ടപ്പെട്ട ഒരു കഥയാണിത്.

ഹംഗറിയിലാണ് മാർട്ടിൻ ജനിച്ചത്. അന്ന് അവിടെ ക്രിസ്തുമതം സ്വീകരിക്കാത്ത വളരെയധികം ആളുകളുണ്ടായിരുന്നു. മാർട്ടിന്റെ മാതാപിതാക്കളും ക്രിസ്ത്യാനികളായിരുന്നില്ല.

എന്നാൽ ബാല്യകാലത്തുതന്നെ മിഷ്യനറിയിൽനിന്നും ക്രിസ്തുവിനെപ്പററി വളരെയധികം കാര്യങ്ങൾ അറിയുന്നതിന് മാർട്ടിനു കഴിഞ്ഞിരുന്നു. ഒരു ക്രിസ്ത്യാനിയായിത്തീരാൻ ആ ബാലൻ വളരെയേറെ ആഗ്രഹിച്ചു. പക്ഷെ അന്യജാതിവർഗ്ഗക്കാരായ മാതാപിതാക്കൾക്ക് തങ്ങളുടെ പുത്രൻ ക്രിസ്തുമതം സ്വീകരിക്കുന്നത് ചിന്തിക്കുവാൻകൂടി കഴിയുന്ന കാര്യമായിരുന്നില്ല. അവർ അതിനെ ശക്തിയായി എതിർത്തു. പക്ഷെ മാർട്ടിന്റെ ഹൃദയത്തിൽ ക്രിസ്തുനാഥന്റെ രൂപം ഓരോ ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ തെളിഞ്ഞു തെളിഞ്ഞു പ്രകാശിച്ചുകൊണ്ടിരുന്നു.

മാർട്ടിന്റെ ക്രിസ്തുഭക്തി മാതാപിതാക്കൾക്ക് സഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. ക്രിസ്തുവിൽനിന്നും തങ്ങളുടെ പുത്രനെ പിൻതിരിപ്പിക്കുവാൻ അവർ പല വിദ്യകളും പയററിനോക്കി. അവസാനം മാർട്ടിനു് പട്ടാളത്തിൽ ഒരുദ്യോഗം വാങ്ങിക്കൊടുത്തു. പട്ടാളജീവിതംമൂലം തങ്ങളുടെ മകൻ ക്രിസ്തുവിൽനിന്ന് അകലുമെന്ന് അവർ കരുതി. പക്ഷെ ഫലം മറിച്ചായിരുന്നു.

ഫ്രാൻസിലായിരുന്നു മാർട്ടിൻ പട്ടാളസേവനത്തിലേർപ്പെട്ടിരുന്നത്. തന്റെ ജോലിക്ക് അല്പം

തത്തിൽ അവയിലേയ്ക്കൊന്നും ജനശ്രദ്ധ തിരിച്ചുവിടാതെ ദുർബലമായ മതവികാരം ഇളക്കിവിടുവാൻ ശ്രമിക്കുന്നതാണ് മനസ്സിലാക്കുവാൻ പ്രയാസം.

ഉത്തർപ്രദേശിലും ബീഹാറിലും മദ്ധ്യപ്രദേശിലും തമിഴ്നാട്ടിലും നടമാടുന്ന ഹരിജനമർദ്ദനങ്ങളും കടിലുകളോടെ ഹരിജനങ്ങളെ ചുട്ടു ചാമ്പലാക്കുന്ന പ്രവണതകളും നിലനില്ക്കെ നിസ്സാരം ഒരു മൃഗവധം എങ്ങനെ ഒരു വലിയ പ്രശ്നമാവും?

—o—

ഉപകാരസ്മരണയ്ക്ക്



മി. & മിസ്സസ്. കെ. സി. ജി. വർഗീസ്, സൗദി അറേബ്യ.

താമസിച്ചതിനു ക്ഷമാപണം.



എം. വി. ചെറിയാൻ, കൊർബാ.



(6–ാം പേജിൽനിന്നും തുടർച്ച)

## ധ്യാനപംക്തി

കർത്താവ് പിതാവിനോടു പറയുന്നു. 'നീ ഇവരെ ലോകത്തിൽനിന്ന് എടുത്തുകൊള്ളണമെന്നല്ല പിന്നെയോ ദുഷ്ടങ്കൽനിന്ന് കാത്തുകൊള്ളണമെന്നത്രെ ഞാൻ പ്രാർത്ഥിക്കുന്നത് എന്ന്. ദുഷ്ടനായ സാത്താൻ അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടു എന്നുകണ്ട് അലറിനടക്കുകയാണ്. അവൻ നമ്മെ തട്ടിക്കൊണ്ടുപോയി എന്നന്നേക്കുമായി നശിപ്പിക്കാതിരിക്കുന്നതിന് പാപക്ഷമ, പിതാവിന്റെ സ്നേഹവായ്പോടുകൂടിയ ദീർഘക്ഷമ അവശ്യം ആവശ്യമാണ്.

പാപക്ഷമകൂടാതെ ഒരുവനും സമാധാനപരമായ ലോകജീവിതം നയിപ്പാൻ സാധ്യമല്ല. അത് ദൈവത്തിൽനിന്നും അവന്റെ ഏകജാതനായ പുത്രനിൽനിന്നും മാത്രമേ ലഭിക്കയുള്ളു. തന്റെ ഏകജാതനാം പുത്രൻ ഉൾപ്പെടെ ദൈവം ഒരുവൻ മാത്രമേ മനുഷ്യന്റെ പാപത്തെയാകട്ടെ, മററ് എന്തെങ്കിലുമാവട്ടെ ക്ഷമിക്കയുള്ളൂ; ക്ഷമിക്കുന്നവനായുള്ളു.

ലോകം ക്ഷമിക്കയില്ല. അതു പ്രകൃതിനിയമത്തിന് വിധേയമായി മുമ്പോട്ടു നീങ്ങുന്നു. മഴയും, മഞ്ഞും, വെയിലും, ശീതവും, ഉഷ്ണവുമെല്ലാം കാലാകാലങ്ങളിൽ പ്രകൃതിനിയമത്തിന് വിധേയമായി വന്നുപൊയ്ക്കൊണ്ടിരിക്കുന്നു. 'മാരി കടമിടുകയില്ല' എന്ന പഴഞ്ചൊല്ലിൻപ്രകാരം, മുടങ്ങിയാൽ എപ്പോഴെങ്കിലും അത് കടംവിട്ടാതിരിക്കില്ല; രാഷ്ട്രങ്ങൾ ക്ഷമിക്കയില്ല; നീതിന്യായകോടതി ക്ഷമിക്കയില്ല അവയെല്ലാം നിയമം നടത്തുന്നു. നിയമങ്ങൾക്കു മാത്രം വിധേയമായി പ്രവർത്തിക്കുന്നു. 'ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കണം' എന്ന തത്വപ്രകാരം കണ്ണിനു പകരം കണ്ണ്; പല്ലിനു പകരം പല്ല് എന്നുള്ള നീതിനടത്തുന്നു. ആരായാലും തെററിനു പ്രായശ്ചിത്തം ചെയ്തേ മതിയാവൂ—സമുദായം, മാതാപിതാക്കന്മാർ, സഹോദരങ്ങൾ ഇവർ ആരും തന്നെ ക്ഷമിക്കയില്ല. പ്രതികാരത്തിന്റെ ആത്മാവ് മാനുഷികബലഹീനതകളിൽ കുടികൊള്ളുന്നു. പ്രതികാരമോ പ്രായശ്ചിത്തമോ ചെയ്യിച്ചേ അവരും അടങ്ങുകയുള്ളു.

എന്നാൽ മനുഷ്യനായിതീർന്ന ക്രിസ്തു ഒരുവൻ മാത്രമേ യഥാർത്ഥത്തിൽ ക്ഷമിക്കുന്നവനായുള്ളു. തന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരുന്ന സന്ദർഭത്തിലും, എന്തെല്ലാം അതിനിന്ദ്യമായ ഉപദ്രവങ്ങൾ തന്റെമേൽ ഏല്പിച്ചുകൊണ്ടിരുന്നവേളയിലും ആണ് ശാന്തസ്വരത്തിൽ തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത്! 'പിതാവെ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ എന്നു താൻ

പോലും വീഴ്ചവരുത്തിയിരുന്നില്ലെങ്കിലും ക്രിസ്ത്യാനിയായിത്തീരാനുള്ള ആഗ്രഹം മാർട്ടിന്റെ ഹൃദയത്തിൽ കത്തിജ്വലിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം കോട്ടയുടെ കാവൽഭടനായി മാർട്ടിൻ നിയമിക്കപ്പെട്ടു. അർദ്ധരാത്രി സമയം. കൊടും തണുപ്പ്. എന്നിട്ടും വിശ്വസ്തതയോടെ മാർട്ടിൻ തന്റെ കാവൽജോലി നിർവ്വഹിച്ചു. അല്പം അകലത്തായി ഏതാനും ഭടന്മാർ തീകായുന്നുണ്ടായിരുന്നു. ഒരു വൃദ്ധൻ അവിടേക്കു നടന്നുചെല്ലുന്നതു മാർട്ടിൻ കണ്ടു. ആ കൊടുംതണുപ്പത്ത് അയാൾ തുള്ളിവിറച്ചുകൊണ്ടിരുന്നു.

താനുംകൂടി അല്പം തീ കാഞ്ഞുകൊള്ളട്ടേയെന്ന് ആ വൃദ്ധൻ ഭടന്മാരോടു ചോദിച്ചു. കഠിനഹൃദയരായ ഭടന്മാർ അതിനു സമ്മതിച്ചില്ലെന്നു മാത്രമല്ല ആ പാവത്തിനെ വിരട്ടിയോടിക്കുകയും ചെയ്തു. ഈ കാഴ്ച മാർട്ടിന്റെ ഹൃദയത്തെ വേദനിപ്പിച്ചു. തണുത്തു വിറയ്ക്കുന്ന ആ പാവപ്പെട്ട മനുഷ്യനോട് അദ്ദേഹത്തിന് അനുകമ്പ തോന്നി.

വാളുകൊണ്ട് തന്റെ സൈനിക കഞ്ചുകം രണ്ടായി മുറിച്ചു. ഒരു പകുതികൊണ്ട് മാർട്ടിൻ പുതച്ചു. മററെ പകുതികൊണ്ട് വൃദ്ധനെ പുതപ്പിച്ചു. വൃദ്ധൻ ആശ്വാസത്തോടെ നടന്നുപോയി.

പിറെറദിവസം രാത്രി മാർട്ടിൻ നല്ല ഉറക്കമായിരുന്നു. അപ്പോൾ ക്രിസ്തുനാഥൻ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. മാലാഖമാർ ക്രിസ്തുനാഥനെ വലയം ചെയ്തിരുന്നു. ഒരു സൈനിക കഞ്ചുകത്തിന്റെ പകുതികൊണ്ട് ക്രിസ്തു പുതച്ചിരുന്നു.

'ഇതാ കാണുവിൻ! മാർട്ടിൻ എനിക്കുതന്ന കഞ്ചുകം' എന്ന് ക്രിസ്തുനാഥൻ അരുളിച്ചെയ്തു. ഈ വാക്കുകൾകേട്ട് മാർട്ടിന്റെ കാതുകൾ കുളിർത്തു.

ഈ ദർശനം മാർട്ടിന് ധൈര്യവും ശക്തിയും നൽകി. ക്രിസ്തുനാഥന്റെ കാലടിപ്പാടുകളെ പിൻതുടരുമെന്ന് മാർട്ടിൻ പ്രതിജ്ഞ ചെയ്തു. മാർട്ടിൻ ക്രിസ്തുമതം സ്വീകരിക്കയും ഒരു വിശുദ്ധനായി തീരുകയും ചെയ്തു.

സാധുക്കളിലും അഗതികളിലും ക്രിസ്തുവിനെ കണ്ടെത്താൻ വിശുദ്ധനായ മാർട്ടിനു കഴിഞ്ഞതുപോലെ നമുക്കും കഴിയണം.

എല്ലാ നന്മകളും നേർന്നുകൊണ്ട്,
സ്വന്തം കുഞ്ഞിച്ചായൻ.

—o—

# വാർത്തകളും കുറിപ്പുകളും

## ശിശുവർഷത്തിൽ ശിശുസംരക്ഷണം

അബുദാബി സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിഇടവകയിൽമർത്തമറിയം സമാജവും സണ്ടേസ്കൂൾ ക്ലാസ്സുകളും വികാരി ഫാ. കെ. റ്റി. തോമസിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ശിശുവർഷമായ 1979–ൽ കേരളത്തിലുള്ള നമ്മുടെ ഒരു അനാഥശാലയിൽ ഒരു പെൺകുട്ടിയെ എടുത്തുവളർത്തുന്നതിനും

---

വരും എന്ന പ്രതീക്ഷ യഹൂദന്മാർക്ക് ഉള്ളതായി ജറോം രേഖപ്പെടുത്തുന്നു.

കന്സ്റ്റന്റീനോസ് ചക്രവർത്തിയുടെ കാലത്ത് Easter Vigil ആഘോഷപൂർവ്വം നടത്തിയിരുന്നു. രാത്രി മുഴുവൻ പകൽപോലെ വെളിച്ചമാകത്തക്ക വിധത്തിൽ മെഴുകുകൊണ്ടുള്ള സ്തൂപങ്ങളും വഴിവിളക്കുകളും രാജ്യം മുഴുവൻ ആ രാത്രിയിൽ നാട്ടിയിരുന്നതായി യൂസേബിയസ് രേഖപ്പെടുത്തുന്നു. എല്ലാ ഭവനങ്ങളിലും ദേവാലയങ്ങളിലും ദീപങ്ങൾ പ്രകാശിപ്പിച്ചിരുന്നതായി നാസിയാൻസിലെ ഗ്രീഗോറിയോസ് രേഖപ്പെടുത്തുന്നുണ്ട്. എല്ലാവരും സ്ത്രീപുരുഷ ഭേദമെന്യേ ഈ ജാഗരണം അനുഷ്ഠിച്ചിരുന്നു. പുറജാതിക്കാരെ ക്രൈസ്തവസ്ത്രീകൾ വിവാഹം ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിന് കാരണമായി തെർത്തുല്യൻ പറയുന്നത്, പുറജാതി ഭർത്താക്കന്മാർ ഈസ്റ്റർ ജാഗരണം നടത്തുന്നതിന് ക്രിസ്ത്യാനി സ്ത്രീകളെ അനുവദിക്കുവാൻ മടി കാണിക്കും എന്നതാണ്.

ഈ ഉയിർപ്പു ജാഗരണത്തിനായിരുന്നു ആദിമ സഭയിൽ വിശ്വാസപഠിതാക്കളെ മാമോദീസാ മുക്കിയിരുന്നത്. വർഷം മുഴുവൻ വിശ്വാസം പഠിച്ച് നാല്പതു ദിവസത്തെ പ്രത്യേക ഉപവാസം തികച്ച്, കഷ്ടാനുഭവത്തിൽ പങ്കുചേർന്ന് മാമോദീസാ മുങ്ങി ഉയിർപ്പു പെരുന്നാളിന് വി. കർബാന അനുഭവിക്കുന്ന രീതി വളരെ ഹൃദ്യമായി തോന്നുന്നു. ക്രിസോസ്റ്റം പല്ലേഡിയസ് എന്നിവരുടെ ലേഖനങ്ങളിൽ ഈ പതിവ് വളരെ വ്യക്തമായി കാണുന്നുണ്ട്.

—o—

(adopt) അതിനുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിനും സ്ത്രീസമാജം നിശ്ചയിച്ചു. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ വകയായി ഒരു ആൺകുട്ടിയെ adopt ചെയ്യുന്നതിനും അതിനുള്ള ചെലവുകൾ സണ്ടേസ്കൂൾ വഹിക്കുന്നതിനും തീരുമാനിച്ചു.

കൂടാതെ ഇടവകയുടെ ബജററിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് 20000 രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## വീൽചെയർ സമ്മാനിക്കുന്നു

അമേരിക്കയിലെ ന്യൂയോർക്ക് ബ്രൂക്ക്ലിൻ ബസ്സേലിയോസ് ഇടവക പരുമല മാർ ഗ്രീഗോറിയോസ് ആസ്പത്രിയിലേക്ക് ഒരു വീൽചെയർ സംഭാവനചെയ്യുന്നതിനു തീരുമാനിച്ചു. കൈപ്പട്ടൂർ ആസ്പത്രിയിൽ ഒരു മുറി പണിയിക്കുന്നതിനുള്ള തുകയും, സണ്ടേസ്കൂൾ പത്താം ക്ലാസ്സിൽ ഒന്നാമതു പാസ്സായ കുട്ടിക്കു് നല്കുന്നതിന് 1001 രൂപയും, പുതുപ്പാടി ബാലഭവൻ, ശൂരനാട്ട കോൺവൻറ്, ബസ്സേലിയോസ് ചിൽഡ്രൻസ്ഹോം, മാർ ഗ്രീഗോറിയോസ് ചാരിററബിൾ ട്രസ്ററ് എന്നീ സ്ഥാപനങ്ങൾക്ക് കഴിവുള്ള സംഭാവനകളും പ്രസ്തുത ഇടവക നല്കിയിട്ടുണ്ട്.

## സ്വീകരണം

മദ്രാസ് മെത്രാസനാധിപൻ മാർ ദീവന്നാസ്യോസ് എപ്പിസ്കോപ്പായിക്ക് മദ്രാസിലെ സെൻറ് തോമസ് പള്ളിക്കാരും സെ. ജോർജ്ജ് ഇടവകക്കാരും സ്വീകരണം നല്കി. മാർച്ച് നാലാം തീയതി സെൻറ് തോമസ് മൌണ്ട് പള്ളിയിൽ എത്തിച്ചേർന്ന തിരുമേനിക്ക് നാട്ടുകാരും ഇടവകക്കാരും ചേർന്ന് വാദ്യമേളങ്ങളോടുകൂടിയ സ്വീകരണം നല്കി. പഞ്ചായത്തു പ്രസിഡൻറ് തിരുകുബേരമനസ്വാമി ഹാരാർപ്പണം ചെയ്തും വികാരി ഫാ. ജോസഫ് തെക്കേക്കര കത്തിച്ച മെഴുകുതിരി നല്കിയും തിരുമേനിയെ സ്വീകരിച്ചു. പള്ളിയിലെ ലുത്തിനിയായിക്കുശേഷം നടത്തപ്പെട്ട സ്വീകരണസമ്മേളനത്തിൽ പഞ്ചായത്തു പ്രസിഡൻറും, ഇടവകയെ പ്രതിനിധീകരിച്ച് മി. പി. പോത്തനും പ്രസംഗിച്ചു. 4–ാം തീയതി തിരുമേനി സെ. തോമസ് മൌണ്ടുപള്ളിയിൽ വി. കർബാന അർപ്പിച്ചു.

മാർച്ച് പത്താം തീയതി സെ. ജോർജ്ജ് ഇടവക സന്ദർശിച്ച തിരുമേനിയെ വികാരി ഫാ. തെക്കേക്കരയുടെ നേതൃത്വത്തിൽ ഇടവകക്കാർ കത്തിച്ച മെഴുകുതിരികളോടുകൂടി സ്വീകരിച്ചു. തുടർന്നു നടത്തപ്പെട്ട സ്വീകരണസമ്മേളനത്തിൽ റോമൻ





കത്തോലിക്കാ, മാർത്തോമ്മാ, സി. എസ്. ഐ. ഇടവക വികാരിമാരും ജനങ്ങളും സംബന്ധിച്ചു. ബ. അച്ചന്മാർ തിരുമേനിക്ക് സ്വാഗതമാശംസിച്ചു പ്രസംഗിച്ചു. തിരുമനസ്സുകൊണ്ട് സമുചിതമായ മറുപടിപ്രസംഗം ചെയ്തു. 11–ാം തീയതി ഞായറാഴ്ച തിരുമേനി വി. കർബാന അർപ്പിച്ചു.

## അദ്ധ്യാപകസെമിനാർ

മുളന്തുരുത്തി ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപകരുടെ വാർഷിക സെമിനാർ കാനായി ക്കോട്ട സെൻറ് മേരീസ് ഓർത്തഡോക്സ് പ

ഉപകാരസ്മരണയ്ക്ക്　　രോഗശാന്തിക്ക്



എൻ. ജെ. മാത്യുവും കുടുംബവും, ബോംബെ.　　ഷൈനി, ഷാജി, അനിമോൻ.

ള്ളിയിൽവച്ച് വെ. റവ. പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ നടത്തി. അദ്ധ്യാപകർക്കുള്ള ക്ലാസ്സുകൾ ശ്രീ. കെ. കെ. പൌലൊസും, ശ്രീ. എം. കെ. മാത്യുവും, ഡീക്കൻ കെ. റ്റി. ഫിലിപ്പ് ബൈബിൾക്ലാസ്സും എടുത്തു.

പൊതുസമ്മേളനത്തിൽ വെ. റവ. പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ഫാ. റ്റി. ജെ. ജോഷ്വാ സമ്മാനദാനം നിർവ്വഹിച്ചു. മാതൃകാദ്ധ്യാപകനുള്ള ഔസേപ്പ് മെമ്മോറിയൽ ഗോൾഡുമെഡൽ കർമ്മേൽ കെ. എം. ചാക്കോ മാസ്റ്റർക്കും, ഗുഡ് സർവ്വീസിനുള്ള കപ്പ് എം. കെ. തോമസ് വടവുകോടിനും, ബസ്റ്റ് കളക്ഷനുള്ള ട്രോഫി കർമ്മേൽ സെ. കര്യാക്കോസ് സണ്ടേസ്കൂളിനും ലഭിച്ചു. മാതൃകാസ്കൂളിനുള്ള റോളിംഗ് കപ്പ് വടവുകോടിനും കൂടുതൽ പോയിൻറിനുള്ള മൂലംകുഴിയിൽ എവർറോളിംഗ് ഷീൽഡ് മാന്തുരുത്തേലിനും ലഭിച്ചു. മത്സരങ്ങളിൽ വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങളും സർട്ടിഫിക്കേററും വിതരണം ചെയ്തു.

ഉച്ചയ്ക്കുശേഷം നടത്തപ്പെട്ട ക്ലാസ്സുകൾക്കും ചർച്ചകൾക്കും ഫാ. കെ. ജെ. കര്യാക്കോസ് നേതൃത്വം നല്കി. ഫാ. റ്റി. ജെ. ജോഷ്വാ സ്റ്റഡീ ക്ലാസ്സെടുത്തു. ഇൻസ്പെക്ടർ എസ്. കെ. അടൂർ സ്വാഗതം പറഞ്ഞു. സെക്രട്ടറി കെ. റ്റി. തോമസ് റിപ്പോർട്ടും, പി. പി. തോമസ് കൃതജ്ഞതയും പറഞ്ഞു. ഈ വർഷംമുതൽ നിർദ്ധനരും സമർത്ഥരുമായ കുട്ടികൾക്ക് ഡിസ്ട്രിയ്ടിന്റെ വകയായി സ്ക്കോളർഷിപ്പുകൾ നല്കുന്നതാണ്. സി. കെ. പാക്കോ അമേരിക്കയിൽനിന്നു് നല്കുന്ന എൻഡോമെൻറാണ് ഈ സ്ക്കോളർഷിപ്പ്.

## പട്ടംകൊട

കുറുപ്പംപടി സെൻറ് മേരീസ് ഇടവകയിൽപെട്ട ഡീക്കൻ ഏ. എം. പൌലോസിനും, വടക്കൻ മണ്ണൂർ സെൻറ് തോമസ് ഇടവകയിൽപെട്ട ഡീ. എം. എസ്. മാത്യുവിനും കശ്ശീശാപട്ടവും, പുത്തൻകാവ് ഇടവകയിൽപെട്ട ഡീ. തോമസ് മാത്യുവിന് പൂർണ്ണശെമ്മാശുപട്ടവും പ. കാതോലിക്കാബാവാതിരുമനസ്സുകൊണ്ട് ദേവലോകം അരമന ചാപ്പലിൽവച്ച് മാർച്ച് 11–ാം തീയതി ശനിയാഴ്ച നല്കി.

## അദ്ധ്യാപകസമ്മേളനം

വാഴൂർ ഡി. സണ്ടേസ്കൂൾ അദ്ധ്യാപകരുടെ ഏകദിനസമ്മേളനം മുണ്ടക്കയം സെൻറ് തോമസ് പള്ളിയിൽ ഫെ. 25–ാം തീയതി ഞായറാഴ്ച ഡയ

## ഉപകാരസ്മരണയ്ക്കു്



താമസിച്ചതിനു ക്ഷമാപണം—റവി. ഐ. ഐപ്പും കുടുംബവും, പത്തനാപുരം.











റവി. ഐ. ഐപ്പും, കുടുംബവും, പത്തനാപുരം.

താമസിച്ചതിനു ക്ഷമാപണം. കുഞ്ഞുമോനും, അഹമ്മദുബാദും.

Mr. & Mrs. K. G. Pillai.





റക്ടർ ജനറൽ വെ. റവ. സി. വി. ജോർജ്ജ് കോർ എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടന്നു. ഡീ. ബേബി വറുഗീസ് ബൈബിൾക്ലാസ് എടുത്തു. റവി. ചാക്കോ ബോധനത്തെക്കുറിച്ചുള്ള പ്രബന്ധം അവതരിപ്പിച്ചു. വികാരി ഫാ. പി. കെ. സ്കറിയാ സ്വാഗതം ആശംസിച്ചു. സദസ്സിനു ഇൻസ്പെക്ടർ സി. ഇ. കുരുവിള നന്ദി രേഖപ്പെടുത്തി.

ഡി. അടിസ്ഥാനത്തിൽ റാങ്ക് ലഭിച്ച കുട്ടികൾക്കുള്ള സമ്മാനങ്ങൾ നല്കിയതിനു പുറമേ മത്സരങ്ങൾക്ക് കൂടുതൽ പോയിൻറ് നേടിയതിനുള്ള ഡി. ഷീൽഡ് മുണ്ടക്കയം സെൻറ് തോമസ് സണ്ടേസ്കൂളും, മത്സരപരീക്ഷയ്ക്കു കൂടുതൽ പോയിൻറു നേടിയതിനുള്ള ഫാ. കെ. വി. മാത്യൂസ് മെമ്മോറിയൽ ഷീൽഡും കൂടുതൽ കുട്ടികളെ (10) S.S.F.C. യ്ക്കു അർഹരാക്കിയതിനുള്ള ഫാ. റവി. വി. ജോർജ്ജ് മെമ്മോറിയൽ ട്രോഫിയും, കങ്ങഴ സെൻറ് തോമസ് സണ്ടേസ്കൂളും, ഏററവും നന്നായി സണ്ടേസ്കൂൾ റിക്കാർഡുകൾ എല്ലാം സൂക്ഷിച്ചതിനുള്ള ട്രോഫി വാഴ്യർ സെ. പീറേറഴ്സ് സ്കൂളും കരസ്ഥമാക്കി.

### വാർഷികം

പറന്തൽ സെ. ജോർജ്ജസ് ഓർത്തഡോക്സ് അരമനപ്പള്ളിയിലെ 1978–ലെ ആദ്ധ്യാത്മികസംഘടനകളുടെ വാർഷികം 1979 ഫെ. 25–ാം തീയതി ഞായറാഴ്ച 2 മണിക്ക് ഫാ. പി. സി. ചെറിയാൻെറ അദ്ധ്യക്ഷതയിൽ കൂടി. സണ്ടേസ്കൂൾ ഹെഡ്മാസ്ററർ കെ. ജി. ജോർജ്ജ് സ്വാഗതമാംശസിച്ചു. കെ. ജി. ഡാനിയേൽ, പി. എം. വറുഗീസ്, മിസ്സസ്. അന്നമ്മ മാത്യൂ എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റി മിസ്ററർ കെ. കെ. സാമുവേൽ കൃതജ്ഞത രേഖപ്പെടുത്തി.

### ദേവാലയശിലാസ്ഥാപനം

ഇടുക്കി ഡിസ്ട്രിക്ടിൽ അവികസിതപ്രദേശമായ കഞ്ഞിക്കുഴി, പഴയരികണ്ടം, മക്കുവള്ളി, വെണ്മണി, മഴവടി മുതലായ കുടിയേററപ്രദേശങ്ങളിൽ താമസിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളുടെ ആഗ്രഹങ്ങളുടെയും പ്രാർത്ഥനയുടേയും ഫലമായി കഞ്ഞിക്കുഴിയിൽ വാങ്ങിയ സ്ഥലത്തു് 1979 മാർച്ചുമാസം 3–ാം തീയതി അഭിവന്ദ്യ പക്കോമിയോസ് മെത്രാപ്പോലീത്താ തിരുമേനി ഒരു ദേവാലയത്തിനു് ശിലാസ്ഥാപനം നടത്തി. തുടർന്നു് പള്ളി പണിയാരംഭിച്ചു. ശിലാസ്ഥാപനത്തിനു് എത്തിയ തിരുമേനിയെ അനേകം ജീപ്പുകളുടെ അകമ്പടിയോടുകൂടി മഴവടിയിൽ ഇപ്പോഴുള്ള സെൻറ് മേരീസ് പള്ളിയിലേക്കു് ആനയിച്ചു. വി. കുർബാനയ്ക്കുശേഷം തിരുമനസ്സുകൊണ്ടു് കഞ്ഞിക്കുഴിയിൽ എത്തി ശിലാസ്ഥാപനകർമ്മം നിർവഹിച്ചു.

തുടർന്നു നടന്ന പൗരസ്വീകരണത്തിൽ ഇടശ്ശേരി മാത്യൂസ് അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീമാന്മാരായ കെ. പി. ഏബ്രഹാം, റവി. എസ്. രാമകൃഷ്ണൻ, റവി. പി. മാത്യു, സെബാസ്റ്റ്യൻ മുതൽ പേർ സംസാരിച്ചു. ചടങ്ങുകൾക്കുശേഷം കൂടിയ എല്ലാവർക്കും മധുരപലഹാരസൽക്കാരവും ഉണ്ടായിരുന്നു.

### ഓർമ്മപ്പെരുന്നാളുകൾ





കോട്ടയം ഇടവകയുടെ കാലംചെയ്ത കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുനാൾ ഏപ്രിൽ 5, 6 തീയതികളിൽ പാമ്പാടി ദയറായിലും, തുമ്പമൺ ഇടവകയുടെ കാലം ചെയ്ത ഗീവറുഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുനാൾ ഏപ്രിൽ 16, 17 തീയതികളിൽ പുത്തൻകാവ് സെൻറ് മേരീസ് പള്ളിയിലും ആഘോഷപൂർവ്വം കൊണ്ടാടുന്നതാണ്. പെരുനാളിനോടനുബന്ധിച്ച് വൈകിട്ട് റാസയും, കബറുങ്കൽ ധൂപപ്രാർത്ഥനയും പെരുനാൾദിനത്തിൽ അഭിവന്ദ്യ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നുമ്മേൽ കർബാനയും തുടർന്നു് നേർച്ചവിളമ്പും മററും ഉണ്ടായിരിക്കുന്നതാണ്.

### സുവിശേഷകപരിശീലന ക്ലാസുകൾ

മാവേലിക്കര സെൻറ് പോൾസ് മിഷൻ പരിശീലന കേന്ദ്രത്തിൽ (സുവിശേഷാലയത്തിൽ) വർഷംതോറും നടത്തിവരുന്ന സമ്മർസ്കൂളിൻെറ 25–ാമത്തു് സെഷൻ ഈ വർഷവും മെയ് 16–ാംനു സന്ധ്യാനമസ്ക്കാരത്തോടുകൂടി ആരംഭിച്ച് 30–ാം തീയതി നടത്തുന്ന പൊതുസമ്മേളനത്തോടുകൂടി അവസാനിക്കുന്നതുമാണ്.

പൗലൂസ് മാർ ഗ്രീഗോറിയോസ് എന്നീ തിരുമേനിമാരും, എൻ. ജെ. തോമസ് റമ്പാച്ചനും, അനേകം വൈദികരും, വലിയ ഒരു ജനക്കൂട്ടവും സംബന്ധിച്ചിരുന്നു. ഇംഗ്ളണ്ടിൽനിന്നും വേദശാസ്ത്രസംബന്ധമായ ഉന്നത ബിരുദങ്ങളും നേടിയിട്ടുള്ള ഫാദർ ജോർജ്ജ് ഓതറ കീയത്തു കുടുംബാംഗമാണ്. അദ്ദേഹം പരുമല സിമ്മനാരിയിൽ താമസിച്ച് അവിടത്തെ ആത്മീയകാര്യങ്ങളും ശ്രദ്ധിക്കുന്നതാണ്.

## ഉപകാരസ്മരണയ്ക്കു



Daniel, & P. Thomas & Family, Bombay.



ജി. സാമുവൽ, മാവേലിക്കര. റററി. വി. ജോർജ്ജുകുട്ടി, ഊട്ടപാറ. റെറനിമോൻ & അമ്മിണി, ജാംഷഡ്പൂർ. സൂസൻ തോമസ്, പത്തൻകാവു്.



താമസിച്ചതിനു ക്ഷമാപണം- ഒരു വിശ്വാസി, കോഴിക്കോട്. ഏലിസബേത്തു് ഈപ്പൻ, ഇരവിപേരൂർ.

## FOR FAVOURS RECEIVDD







Mathewkutty, Joymon, Kochumon & Mr. Joseph & Family.

THE MALANKARA SABHA
Catholicate Office, Kottayam–686 004
(Licence No. 475—11th April 1946 Registered No. KL-KTM-38)

## FOR FAVOURS RECEIVED



**K. MATHEW VARGHESE & FAMILY, NEW YORK.**

Printed and Published by Rev. Fr. T. G. Zacharia at the Catholicate Press. Kottayam-1.
Chief Editor Very. Rev. Ramban Dr. N. J. Thomas